# ആത്മപ്രകാശിനി

**2009 ഒക്ടോബർ**

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട് . വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപോകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ് . ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ് .

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of “Athmaprakashini, Kumbanad”.**

# Athmaprakashini

## അകത്താളുകളിൽ


**അവൻ വരുന്നതു വരെ**
ഡോ. ഒ.എം. ശാമുവേൽ ................. 3

**സ്ഥലം സഭയുടെ പ്രാധാന്യവും . . .**
കുഞ്ഞുമോൻ ഡാനിയേൽ .............. 4

**രക്ഷാകരമായ ദൈവകൃപ**
കെ.വി. ജോൺ .................................. 6

**പരിണാമ സൃഷ്ടി വിവാദം . . . .**
ഡോ. ജോൺസൺ ജോർജ്ജ് ........ 8

**നമ്മുടെ കർത്താവിന്റെ . . . . .**
എ.എം. ശാമുവേൽ ............................ 11

**ആരാധന**
എസ്. ജി. ഗിൽബർട്ട് ........................ 12

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. ശാമുവേൽ ................. 13

**തിമൊഥെയൊസിന് എഴുതിയ . . . .**
ജേക്കബ് തോമസ് ............................. 16

**ദാവീദേ ഞങ്ങൾ നിനക്കുള്ളവർ**
ജോർജ്ജ് സി. വർഗീസ് ................... 18

**ബൈബിളിലെ ചില . . . . .**
കെ. കമലം ........................................... 20

**ബൈബിൾ പ്രശ്നാവലി ............. 21**

**വാർത്തകളും, കുറിപ്പുകളും 22**


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVIII** **No.10**

**2009 ഒക്ടോബർ**

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
athmaprakashini@gmail.com
+919447265500

# അവൻ വരുന്നതുവരെ

ഡോ. ഒ. എം. ശമുവേൽ

ദൈവപുത്രനായ യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷയുടെ അന്ത്യത്തിൽ സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുൻപായി തന്റെ പുനരാഗമനത്തെക്കുറിച്ചു സംശയലേശം കൂടാതെ ശിഷ്യന്മാരോട് വ്യക്തമാക്കി. ഹൃദയകലക്കം ബാധിച്ച ശിഷ്യഗണങ്ങളോട് കർത്താവ് പറയുന്ന ആശ്വാസവാക്കുകൾ ശ്രദ്ധിക്കുക. “ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും” (യോഹ.14:3). കർത്താവിന്റെ ഈ അനുഗൃഹീത വാഗ്ദത്തം അതിന്റെ എല്ലാ അർത്ഥത്തിലും നിവർത്തിയാകുന്ന പിതാവിന്റെ സമയത്തിനു വേണ്ടി കാത്തിരിക്കുകയാണ്. യേശുക്രിസ്തുവിന്റെ പൗരോഹിത്യ പ്രാർത്ഥനയിലും ദൈവജനത്തിനു വേണ്ടിയുള്ള കർത്താവിന്റെ അപേക്ഷയും ഇതുതന്നെ ആയിരുന്നു. പിതാവേ നീ ലോകസ്ഥാപനത്തിനു മുമ്പേ എന്നെ സ്നേഹിച്ചിരിക്കകൊണ്ട് എനിക്ക് നൽകിയ മഹത്വം നീ എനിക്കു നൽകിയിട്ടുള്ളവർ കാണേണ്ടതിന് ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്നോടു കൂടെ ഇരിക്കേണം എന്ന് ഞാൻ ഇച്ഛിക്കുന്നു. (യോഹ.17:24) ഈ പ്രാർത്ഥനയുടെ ഉത്തരം ആക്ഷരീകമായി തന്നെ പിതാവു പുത്രനു നൽകും എന്നുള്ളതിൽ സംശയിക്കേണ്ടതില്ലല്ലോ? പിതാവ് പുത്രന്റെ പ്രാർത്ഥന എപ്പോഴും കേട്ടു ഉത്തരം നൽകുന്നവനാണ്. യേശുക്രിസ്തുവിന്റെ വാഗ്ദത്ത നിവർത്തിക്കായിട്ടും പ്രാർത്ഥനയുടെ മറുപടിക്കായിട്ടും ദൈവജനം ആകാംക്ഷയോടുകൂടി കാത്തിരിക്കുയാണല്ലോ? വരുവാനുള്ളവൻ വരും താമസിക്കുകയില്ല. എന്നാൽ വരുന്നതുവരെ എന്ത്? എന്ന ചോദ്യം ഉദിക്കുന്നു. അവൻ വരുന്നതുവരെ എന്ത്: ഉത്തമഗീതത്തിലെ മണവാട്ടിയുടെ വാക്കുകൾ ശ്രദ്ധിക്കുക : “വെയിലാറി നിഴൽ കാണാതെയാകുവോളം ഞാൻ മൂറിൻ മലയിലും കുന്തുരുക്കകുന്നിലും ചെന്നിരിക്കാം” (4:6). അവൻ വരുമ്പോൾ പ്രഭാതം പൊട്ടി വിടരും. പ്രകാശ രശ്മികൾ ലോകമെങ്ങും പരക്കും. എല്ലാ നിഴലുകളും യാഥാർത്ഥ്യങ്ങൾക്കു വഴി മാറും. അതുവരെ അവൾ പറയുന്നതു ഞാൻ മൂറിൻ മലയിലും കുന്തുരുക്കകുന്നിലും ചെന്നിരിക്കാം. മൂർ ദു:ഖത്തിന്റെയും വേദനയുടെയും അനുഭവങ്ങളെ കാണിക്കുന്നു. അവൻ വരുന്നതുവരെ ഈ ലോകം തരുന്ന ദു:ഖത്തിന്റെയും കണ്ണുനീരിന്റെയും വേദനയുടെയും കയ്പുനീരു കുടിച്ചു കഴിയാം. അതെ സമയം തന്നെ കുന്തുരുക്കം ആരാധനയുടെ സൗരഭ്യത്തെ കാണിക്കുന്നു. നീ വരുന്നതുവരെ ആ പ്രഭാതം പൊട്ടി വിടരുന്നതുവരെയുള്ള ലോകജീവിതത്തിന്റെ 2 യാഥാർത്ഥ്യങ്ങളെ ഇവിടെ നാം കാണുന്നു. യേശുക്രിസ്തുവിന്റെ പുനരാഗമനത്തിന്റെ പൊൻപുലരി ഉണ്ടാകാൻ പോകയാണ്. അതുവരെ മരണനിഴലിൻ താഴ്വരയിൽ കൂടിയുള്ള നമ്മുടെ യാത്ര തുടരാം.

അവൻ വരുന്നതുവരെ എന്ത്? കൊരിന്ത്യർക്കു എഴുതിയ ഒന്നാം ലേഖനത്തിൽ കർത്തൃ മേശയോടുള്ള ബന്ധത്തിൽ നാം ഇങ്ങനെ വായിക്കുന്നു“അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു” സഭക്ക് നൽകപ്പെട്ടിരിക്കുന്ന ഒരു അനുഗ്രഹിക്കപ്പെട്ട അനുഷ്ഠാനമാണല്ലോ തിരുവത്താഴ ശുശ്രൂഷ. ഈ ശുശ്രൂഷ കർത്താവു വരുന്നതുവരെ മാത്രം അനുഷ്ഠിക്കേണ്ട ഒന്നാണ്. കർത്താവിന്റെ പുനരാഗമനത്തിൽ ദൈവമക്കൾ എല്ലാവരും അവനോടു കൂടെയായിരിക്കുമല്ലൊ. അവനോടു കൂടെ പിതാവിന്റെ ഭവനത്തിൽ ആ ഇമ്പവീട്ടിൽ എത്തിക്കഴിഞ്ഞാൽ നാം മേശവെച്ച് കർത്താവിനെ ഓർക്കേണ്ട ആവശ്യമില്ലല്ലോ? നാം എല്ലാവരും കർത്താവിനെ പോലെ മഹത്വ ശരീരികളായി അവനെ ആരാധിക്കും. ഇന്നു നമ്മുടെ ആരാധനയിൽ പല നിലകളിലുള്ള പരിമിതികൾ ഉണ്ട്. എന്നാൽ സ്വർഗ്ഗത്തിൽ ഈ പരിമിതികൾ ഇല്ലാതെ മനോജ്ഞമായ ആരാധന നാം നടത്തും. അതുവരെ ഈ അനുഷ്ഠാനത്തിൽ കൂടി യേശുക്രിസ്തുവിന്റെ മരണത്തെ നാം വിളംബരം ചെയ്യുകയാണ് ചെയ്യുന്നത്. അത് അനുഗൃഹീതമായ ഒരു ശുശ്രൂഷയാണ്. നമ്മുടെ വീണ്ടെടുപ്പിന്റെ അടിസ്ഥാനം യേശു ക്രിസ്തുവിന്റെ ക്രൂശുമരണമാണ്. ഈ ലോകത്തോട് അറിയിക്കുന്ന 2 അനുഷ്ഠാനങ്ങളിൽ ഒന്നാണ് തിരുവത്താഴം. മറ്റേത് സ്നാനശുശ്രൂഷയും.

അവൻ വരുവോളം എന്ത്? ലൂക്കോസ് 19-ാം അദ്ധ്യായത്തിൽ കുലിനനായോരു മനുഷ്യൻ രാജത്വം പ്രാപിച്ചു മടങ്ങി വരുവോളം 10 ദാസന്മാരെ വിളിച്ച് വ്യാപാരം ചെയ്യുന്നതിനു വേണ്ടി 10 റാത്തൽ വെള്ളി കൊടുത്തു. ഈ ഉപമയിൽ കൂടി നമുക്കും അനുഗ്രഹീതമായ ഒരു പാഠം പഠിക്കുവാനുണ്ട്. നമ്മുടെ കർത്താവ് രാജത്വം പ്രാപിച്ച് രാജാധിരാജാവും കർത്താധി കർത്താവുമായി വരുവാൻ പോകയാണ്.

# സ്ഥലം സഭയുടെ പ്രാധാന്യവും അച്ചടക്ക നടപടിയും (തുടർച്ച)

കുഞ്ഞുമോൻ ഡാനിയേൽ, കളമശ്ശേരി

**ഭാഗം 2 ശിക്ഷണ നടപടികൾ**

**1. ശിക്ഷണ നടപടിയിൽ സഭയിലുണ്ടാകാവുന്ന പ്രതിസന്ധികൾ**

(1) പാപത്തിൽ ദുഃഖമില്ലായ്മ 1കൊരി.5:2. (2) ദൈവ വചനത്തോടുള്ള അലക്ഷ്യ മനോഭാവം 2 കൊരി.2:9, 2.തെസ്സ. 3:6-15. (3) ചീർത്തിരിക്കുക 1 കൊരി. 5:2, 4:6,18,19. (4) ഭൂരിപക്ഷവും ന്യൂനപക്ഷവുമായി വിഭജനം 2കൊരി. 2:6

**2. വിവിധ പ്രശ്നങ്ങൾ**

(1) വ്യക്തികളോടുള്ള പാപം മത്താ. 18:15,ലൂക്കൊ.17:3,4. മാനസാന്തരപ്പെടാഞ്ഞാൽ വേർപെടുത്തുക/വേർപെടുക. (2) അസാന്മാർഗികത 1കൊരി. 5:5. മാനസാന്തരപ്പെടാഞ്ഞാൽ വേർപെടുത്തുക/വേർപെടുക. (3) ഭിന്നത ഉണ്ടാക്കുക തീത്തൊ.3:10, റോമ.16:17,18 മത്തായി. 18:11 1കൊരി.1:13, ഫിലി.2:1,2, 1കൊരി.3:3,4, ഭിന്നത ജഢീക സ്വഭാവത്തിന്റെ ലക്ഷണമാണ്. ക്രിസ്തീയ ഐക്യത: 1കൊരി.12:12-27. മാനസാന്തരപ്പെടാഞ്ഞാൽ വേർപെടുത്തുക/വേർപെടുക (4) വിപരീത ഉപദേശം റോമർ 16:17,18, 2തെസ്സ.3:6,14 പ്രവൃ.20:30 2 യോഹ.10,11 2 കൊരി.11:2-4 ഗലാ.1:6-12. മാനസാന്തരപ്പെടാഞ്ഞാൽ വേർപെടുത്തുക/വേർപെടുക (5) ക്രമം കെട്ട നടപ്പ് 2 തെസ്സ 3:6,14. മാനസാന്തരപ്പെടാഞ്ഞാൽ വേർപെടുത്തുക/വേർപെടുക. ക്രമംകെട്ട നടപ്പിനെക്കുറിച്ച് 2 തെസ്സ 3:6-15 പറഞ്ഞിട്ടുണ്ട്.

**ക്രമം കെട്ട നടപ്പ് എന്ത്?**

(1) അപ്പൊസ്തലിക പ്രമാണം വിട്ട് നടപ്പ് 2 തെസ്സ 3:16. (2) വേല ചെയ്യാതിരിക്കുക

---

നമുക്ക് നൽകിയിരിക്കുന്ന കൃപാവരങ്ങൾകൊണ്ട് നാം എന്തു നേടി? അവനു വേണ്ടി നാം എന്തു ചെയ്തു? നമ്മെ ഏല്പിച്ചിരിക്കുന്ന സുവിശേഷ സന്ദേശം കൊണ്ട് നാം എന്തു നേടി? ഇതു നാം ഗൗരവതരമായി ചിന്തിക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. യേശുക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പിൽ നിന്നുകൊണ്ട് നാം ഓരോരുത്തരും കണക്കു ബോധിപ്പിക്കണം. നാം എല്ലാവരും അവന്റെ ന്യായാസനത്തിനു മുമ്പിൽ നില്ക്കണം. നമ്മുടെ വ്യാപാരത്തിന്റെ കണക്കു നോക്കുന്ന ദിവസം. വിശ്വസ്തതയോടെ കൂടി കാര്യവിചാരകന്മാരായിരിക്കാൻ കർത്താവു സഹായിക്കട്ടെ.

അവൻ വരുവോളം എന്ത്? വെളി. 2:25-ൽ നാം വായിക്കുന്നത് എങ്കിലും നിങ്ങൾക്കുള്ളത് ഞാൻ വരുംവരെ പിടിച്ചുകൊൾവിൻ എന്നാണ്. കർത്താവു വരുന്നതുവരെ പിടിച്ചു കൊള്ളേണ്ട പല കാര്യങ്ങൾ. അവന്റെ വചനം നാം മുറുകെ പിടിക്കേണ്ടവരാണ്. വചനം നമ്മെ പഠിപ്പിക്കുന്ന ഉപദേശ സത്യങ്ങൾ നാം മുറുകെ പിടിക്കണം. അവന്റെ നാമം മുറുകെ പിടിക്കണം. നമ്മുടെ പ്രത്യാശയ്ക്കു ഭംഗം കൂടാതെ നാം പിടിക്കണം. ഇങ്ങനെ കർത്താവിന്റെ വരവുവരെ നാം ജാഗരൂകരായി ഈ ഭൂമിയിൽ ജീവിക്കേണ്ടതുണ്ട്. പൗലൊസപ്പൊസ്തലന്റെ വാക്കുകൾ നമ്മെ ധൈര്യപ്പെടുത്തുന്നവയാണ്. ഞാൻ നല്ല പോർ പൊരുതു. ഓട്ടം ഓടി വിശ്വാസം കത്തു. ഇനി അവന്റെ വരവിൽ നീതിയുടെ കിരീടം ലഭിക്കും. എത്ര കൃത കൃത്യമായ ഒരു ജീവിത സത്യം.

അവൻ വരുവോളം എന്ത്? യോഹ.21:22-ൽ കർത്താവു പത്രോസിനോടു പറയുന്ന വാക്കുകൾ കൂടി ശ്രദ്ധിക്കുക. ഞാൻ വരുവോളം ഇവൻ ഇരിക്കേണമെന്നു എനിക്ക് ഇഷ്ടം ഉണ്ടെങ്കിൽ നിനക്കു എന്ത്? ഈ വാക്കുകളുടെ പശ്ചാത്തലവും സന്ദർഭവും ഒന്നും തന്നെ വിവരിക്കുന്നില്ല. ഒരു കാര്യം സ്പഷടമാണ്. അവൻ വരുമ്പോൾ മരണം കാണാതെ അവന്റെ സവിധത്തിലേക്കു എടുക്കപ്പെടുന്ന ഒരുകൂട്ടം വിശ്വാസികൾ ഉണ്ടായിരിക്കും. കർത്താവു വരുമ്പോൾ ഇവിടേക്കു കയറി വരുവിൻ എന്ന ശബ്ദം കേൾക്കുന്ന ഒരു കൂട്ടം ആളുകൾ ഉണ്ടായിരിക്കും. മരണത്തിന്റെ മണമറിയാതെ തേജോരൂപികളായി കർത്താവിനോടു കൂടി ഇമ്പങ്ങളുടെ പറുദീസയിൽ ആവുന്ന ആ സുദിനം.

അവൻ വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്ന കർത്താവിന്റെ അത്താഴത്തിൽ വിശ്വസ്തതയോടുകൂടി പങ്കെടുക്കാൻ കർത്താവു സഹായിക്കട്ടെ അവന്റെ വരവോളം നമ്മെ ഭരമേല്പിച്ചിരിക്കുന്ന താലന്തുകൾ വിശ്വസ്തതയോടെ കൂടി വ്യാപാരം ചെയ്തു നേടാവുന്നിടത്തോളം നേടുക. അവൻ വരുന്നതുവരെ നമുക്കുള്ളതു മുറുകെ പിടിക്കാൻ കർത്താവു സഹായിക്കട്ടെ അവന്റെ വരവു വരെ ജീവനോടു കൂടെയിരുന്നു അവന്റെ സന്നിധിയിൽ എടുക്കപ്പെടുന്ന ഭാഗ്യപദവി നമുക്കുണ്ടാകട്ടെ. അവൻ വരുവോളം മാത്രം മതി. അതുകഴിഞ്ഞാൽ നിത്യത.!! ●

(ആഹാരം വെറുതെ അനുഭവിക്കുക) 2തെസ്സ 3:7 – 10 ഒത്തുനോക്കുക: ഫിലി.4:18, തീത്തൊ.1:12,13, 1 കൊരി.9:14, കൊലൊ.3.22–24, എഫെ,6:6,7 1തിമൊ.6:1. (3) പരകാര്യം നോക്കി നടക്കുക. 2. തെസ്സ. 3:11. ഒത്തു നോക്കുക. 1 പത്രൊ. 4:15, 1 തിമൊ. 5:13,

**ക്രമംകെട്ട നടപ്പ് എങ്ങനെ ഒഴിവാക്കാം**

(1) ക്രമംകെട്ടവരിൽ നിന്ന് വേർപാട് അനുഷ്ഠിക്കുക 2തെസ്സ 3:6,14 1 തെസ്സ.5:14 ഒത്തുനോക്കുക: 1കൊരി.5:10,11. (2) ഉത്തമ മാതൃകകളെ അനുകരിക്കുക 2 തെസ്സ. 3:7–9 ഒത്തുനോക്കുക: എബ്രാ. 13:7 ഫിലി. 3:17. (3) വേലയിൽ വ്യാപൃതരായിരിക്കുക 2 തെസ്സ 3:8–12, എഫെ. 4:28 1കൊരി. 15:58 1 തിമൊ. 5:17 1തെസ്സ. 5:12. (4) നന്മപ്രവൃത്തിയിൽ നിലനിൽക്കുക 2തെസ്സ 3:13, 2തിമൊ.1:15,ഫിലി.4:8–10. 5. വല്ല തെറ്റിലും അകപ്പെടുക ഗലാ. 6:1 യാക്കോ. 3:2.

**3. പ്രശ്നം കൈകാര്യം ചെയ്യേണ്ട വിധം**

ഇതിൽ ആദ്യം പറയുന്ന 5 കാര്യങ്ങൾക്ക് ക്രമപരമായ പ്രാധാന്യമുണ്ട്. ബുദ്ധി ഉപദേശം സഭയിൽ നിന്ന് പുറത്താക്കിയ ശേഷവും പ്രസക്തമാണ്.

(1) വ്യക്തിപരമായി (ബോധം വരുത്തുവാൻ) സംസാരിക്കുക മത്തായി. 18:15, ലൂക്കോ.17:3
(2) രണ്ടോ മൂന്നോ പേരോടുകൂടെ സംസാരിക്കുക മത്തായി 18;16, 1 തിമൊ.5:19.(3) സഭയെ അറിയിക്ക മത്തായി 18:17. (4) ബുദ്ധി ഉപദേശിക്കണം (ഒന്നുരണ്ടുവട്ടം) തീത്തോസ് 3:10 2തെസ്സ 3:15. 1 തെസ്സ 5:14 2 തിമൊ. 2:24
i) പുറത്താക്കുന്നതിനുമുമ്പും (തീത്തൊസ് 3:10). ii) പുറത്താക്കിയ ശേഷവും (2 തെസ്സ 3:15). (5) ശാസിക്കണം ലൂക്കോസ് 17:3 1തിമൊ.5;20, 2 തിമൊ. 4:2, തീത്തോ.1:14,2:15 എഫെ.5:11,13

ദൈവത്തിന്റെ മനുഷ്യൻ തികഞ്ഞവനായി തീരുവാൻ ശാസന ആവശ്യമാണ്. 1 തിമൊ.3:16 തിരുവെഴുത്ത് ഈ ശുശ്രൂഷയ്ക്ക് പ്രയോജനമുള്ളതാണ് എന്ന് 1 തിമൊ. 3:16,17ൽ കാണുന്നു
i) ശാസന മൂന്നുഘട്ടത്തിൽ. തെറ്റിൽ വീഴാതിരിപ്പാൻ തീത്തൊസ് 1:14. വ്യക്തിപരമായി മാനസാന്തരം/പാപബോധം വരുത്തുവാൻ ലൂക്കോസ്17:3, മത്തായി 18:15. സഭയുടെ മുമ്പാകെ എല്ലാവരുടെയും ഭയത്തിനായി 1 തിമൊ.5:20 മത്തായി 18:17
ii) ശാസനയുടെ സ്വഭാവം. സകല ദീർഘക്ഷമയോടുംകൂടെ 2 തിമൊ. 4:2 ഉപദേശത്തോടുകൂടെ 2 തിമൊ.4:2; 2തിമൊ.3:16,17 തിരുവെഴുത്ത് ശാസനത്തിന് പ്രയോജനമുള്ളതാണ്. തീത്തൊ.1:8. മൂപ്പന്റെ സ്വഭാവ യോഗ്യത നോക്കുക. (6) ഒഴിക്കണം/ഒഴിയണം മത്തായി 18:17;തീത്തൊ 3:10;2തെസ്സ. 3:6,14; റോമർ16:17, 18;2കൊരി. 5:2,5,10,11;

**4. സഭയിൽനിന്ന് ഒഴിച്ച വ്യക്തിയോട് വിശ്വാസിയുടെ സമീപനം**

(1) ആത്മീക ബന്ധം പാടില്ല, പുറജാതികാരൻ എന്നപോലെ മത്തായി 18:17. (2) ജാഗ്രതയോടെ ചുങ്കക്കാരൻ എന്നപോലെ മത്തായി 18:17 (ഇതിന്റെ സാമൂഹ്യ പശ്ചാത്തലം പഠിക്കുക) ചുങ്കക്കാർ യഹൂദന്മാർ തന്നെ ആയിരുന്നു എങ്കിലും റോമൻ ജാതീയ ഭരണകൂടത്തിനുവേണ്ടി ചുങ്കം പിരിക്കുന്നവരായിരുന്നു. (3) സംസർഗം അരുത് 1 കൊരി. 5:11 കാരണം:2 യോഹ. 10,11 ഒത്തുനോക്കുക. തെറ്റിയ വിശ്വാസിയുമായുള്ള സംസർഗം അവന്റെ ഹൃദയം പാപത്തിൽ കഠിനപ്പെടുവാൻ ഇടയാക്കും. പാപത്തെ ഓർത്തു ദുഃഖിച്ച് മാനസാന്തരപ്പെടുന്നതിന് തടസ്സമാണ്. വീട്ടിൽ കൈക്കൊള്ളരുത് 2 യോഹ.10,11.കൂടെ ഭക്ഷണം കഴിക്കരുത് 1 കൊരി.5:11. (4) അവൻ സഹോദരനാണ് 2 തെസ്സ.3:15. 2 തെസ്സ.3:14ൽ വേർതിരിപ്പിൻ എന്നു പറയുന്നു. 2 തെസ്സ. 3:15 ആരംഭിക്കുന്നത് kai(and)എന്നർത്ഥം. അതായത് വേർതിരിച്ച ശേഷം അവനെ ശത്രു എന്ന് എണ്ണരുത്, (അവനെ ഇല്ലായ്മ ചെയ്യുവാൻ അവസരം അന്വേഷിച്ചുകൊണ്ടിരിക്കരുത്.)സഹോദരൻ എന്ന് എണ്ണി ബുദ്ധി ഉപദേശിക്കണം.

മാത്രമല്ല, മത്തായി 18:17ൽ പറയുന്നത് അവൻ നിനക്ക് പുറജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ഇരിക്കട്ടെ എന്നാണല്ലോ. പാപത്തെ ഓർത്ത് അനുതപിക്കുന്നതുവരെയും ഒരു വിശ്വാസി എന്നനിലയിൽ അവനുമായി ആത്മീക ബന്ധം പാടില്ല എന്നാണിതിനർത്ഥം. വിശ്വാസി പുറജാതിക്കാരനെയും ചുങ്കക്കാരനെയും വെറുക്കണമെന്ന് പറഞ്ഞിട്ടില്ല.

**ഭാഗം3. ശിക്ഷാനന്തര പുനഃസ്വീകരണം**

**1. വ്യവസ്ഥകൾ**

1. തെറ്റു ബോധ്യം വരണം മത്താ. 18:15 തീത്തൊ. 1:9. എന്റെ ഭാഗത്ത് തെറ്റുവല്ലതും വന്നിട്ടുണ്ടെങ്കിൽ ക്ഷമിച്ചേക്കുക എന്നു പറയുന്നതിൽ തെറ്റിനെക്കുറിച്ച് ബോധം ഇല്ല. ശരിയായ മാനസാന്തരത്തിന് ശരിയായ പാപബോധം ആവശ്യമാണ്. (2) തെറ്റിനെ ഓർത്തു ദുഃഖിക്കണം 2കൊരി.2:7,7:9–11. (3) മാനസാന്ത

# രക്ഷാകരമായ ദൈവകൃപ

കെ. വി. ജോൺ, തിരുവല്ല

“സകല മനുഷ്യർക്കും രക്ഷാകരമായ ദൈവ കൃപ ഉദിച്ചുവല്ലോ”. തീത്തൊ.2:11. ‘രക്ഷാകരം’ എന്ന വാക്കിന് രക്ഷയ്ക്കു നിദാന മായ അഥവാ രക്ഷകൊണ്ടു വരുന്ന എന്ന ആശയ മാണുള്ളത്. ഇംഗ്ലീഷ് ബൈബിളിൽ ‘The grace of God that brings salvation’ എന്നാണു കാണുന്നത്.

**നോഹയ്ക്കു ലഭിച്ച ദൈവകൃപ**

ചിന്തിക്കുവാനും തിരഞ്ഞെടുക്കുവാനുമുള്ള കഴിവും സ്വാതന്ത്ര്യവും നല്കി മനുഷ്യരെ ആണും പെണ്ണുമായി സൃഷ്ടിച്ച ദൈവം (ഉല്പത്തി.1-27:28) അവരെ അനുഗ്രഹിക്കുകയും സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവാൻ അവർക്ക് അനുവാദം നൽകുകയും ചെയ്തു. എന്നാൽ പെരുകിത്തുടങ്ങിയപ്പോൾ അതോടൊപ്പം അവരുടെ ദുഷ്ടതയും പെരുകി (ഉല്പത്തി. 6:1-5) അതിക്രമം കൊണ്ടു നിറഞ്ഞ ഭൂമി വഷളായി എന്നു ദൈവം കണ്ടു മനുഷ്യനെ ഉണ്ടാക്കുക കൊണ്ട് ദു:ഖിതനായിത്തീർന്ന ദൈവം അവനെ മാത്രമല്ല അവനോടൊപ്പം മൃഗങ്ങളേയും ഇഴജാതികളേയും പക്ഷികളേയും അങ്ങനെ കരയിലുള്ള സകലതിനേയും നശി പ്പിക്കുവാൻ തീരുമാനിച്ചു. എന്നാൽ ഒരു വ്യക്തി ക്കു മാത്രം ദൈവത്തിന്റെ കൃപ ലഭിച്ചു. ആ വ്യക്തിയായിരു ന്നല്ലോ നോഹ (ഉല്പത്തി.6:8). “എന്നാൽ നോഹയ്ക്ക് യഹോവയുടെ കൃപ ലഭിച്ചു”. തുടർന്ന് ഇപ്രകാരം രേഖപ്പെടുത്തി യിരിക്കുന്നു “നോഹ തന്റെ തലമുറയിൽ നീതിമാനും നിഷ്കളങ്കനുമാ യിരുന്നു. മാത്രമല്ല ദൈവത്തോടു കൂടെ നടക്കുക യും ചെയ്തു” (ഉല്പത്തി 6:9).

---

രപ്പെടണം. ലൂക്കോ. 17:3. 2 കൊരി 7:9-11. ചെയ്തുപോയ തെറ്റിനെക്കൂറിച്ച് ബോധ്യം വന്നിട്ട് ഉണ്ടാകുന്ന ദുഃഖത്തിന്റെ ഫലമായി പാപവഴി വിട്ട് തിരിയുന്നതാണ് ഈ മാനസാ ന്തരം (4) ഏറ്റു പറയണം 1 യോഹ. 2 :1,2 1:9 ലൂക്കൊ 17:4

1) ദൈവത്തോട് ഏറ്റു പറയണം 1 യോഹ.1:9
2) മനുഷ്യനോട് ഏറ്റുപറയണം ലൂക്കോസ്. 17:4

**2. മാനസാന്തരപ്പെട്ട വ്യക്തിയെ കരുതേണ്ട വിധം** (1) ക്ഷമിക്കണം2 കൊരി. 2:7,10 ലൂക്കോസ് 17:4,മത്തായി 18:21,35. അവൻ അതി ദുഃഖത്തിൽ മുങ്ങിപ്പോകാതിരിക്കേണ്ടതിന് അവനോട് ക്ഷമിക്കയും...2 കൊരി.2:7 സഹോ ദരൻ പിഴച്ചാൽ അവനെ ശാസിക്ക; അവൻ മാനസാന്തരപ്പെട്ടാൽ അവനോട് ക്ഷമിക്ക...ലൂ ക്കോസ് 17:3 മാനസാന്തരപ്പെട്ടാൽ അവനോട് ക്ഷമിക്കുവാനാണ് കർത്തൃ കല്പന. കർത്താവേ സഹോദരൻ എത്രവട്ടം എന്നോടു പിഴച്ചാൽ ഞാൻ ക്ഷമിക്കേണം 7വട്ടം മതിയോ എന്നു പത്രോസ് ചോദിച്ചപ്പോൾ യേശു അവ നോട് 7 വട്ടമല്ല 70 വട്ടം എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു. (2) ആശ്വസിപ്പി ക്കണം 2 കൊരി.2:7,10 1തെസ്സ4:18 (3) സ്നേഹി ക്കണം 2 കൊരി.2:8. (4) യഥാസ്ഥാനപ്പെടു ത്തണം ഗലാ.6:1. (5) കരുതേണ്ടതിന്റെ പ്രാധാന്യം 2 കൊരി.2:11

ഇവ ചെയ്യാതിരിക്കുന്നതിലൂടെ സാത്താൻ നമ്മെ തോല്പിക്കാം. 2 കൊരി.2:11 സാത്താൻ നമ്മെ തോല്പിക്കരുത്, അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ. സാത്താൻ തന്ത്ര ശാലിയാണ്.

**ഉപസംഹാരം**

വളരെ പ്രധാനപ്പെട്ട ഒരു ഉപദേശമാണ് സഭ യിലെ അച്ചടക്ക നടപടി എന്നത്. തിരുവെഴു ത്തിൽ വിപുലമായിട്ട് പ്രതിപാദിച്ചിരിക്കുന്ന ഒരു വിഷയമാണിത്. ഇത് സ്ഥലം സഭയുടെ പ്രാധാന്യത്തെ വെളിപ്പെടുത്തുന്നു. വിശ്വാസിക ളുടെ ആത്മീക സുസ്ഥിതിക്ക് ദൈവം തന്റെ സർവ്വ ജ്ഞാനത്തിൻ പ്രകാരം ഏർപ്പെടുത്തിയ സംവിധാനമാണ് സ്ഥലം സഭ. അതിനേക്കാൾ ഫല കരമായി ദൈവീക പദ്ധതികൾ നിവർത്തിക്കുന്ന മാനുഷിക സംവിധാനങ്ങൾ ഒന്നുമില്ല. ദൈവ ത്തിന്റെ സഭയെ തുച്ഛീകരിച്ച (1 കൊരി.11:22) അബദ്ധം നാം കൊരിന്തിൽ കാണുന്നു. സ്ഥലം സഭയെ തുച്ഛീകരിക്കുവാൻ അഥവാ തുച്ഛം എന്ന് ഗണിക്കുവാൻ ഇടയാകാതിരിക്കട്ടെ. ഓരോ കാല ഘട്ടത്തിലും ആത്മീക മണ്ഡലത്തിലുണ്ടാകുന്ന പ്രവണതകൾ നമ്മിലേക്ക് നുഴഞ്ഞു കയറുന്ന അവസ്ഥയുണ്ടാകാതെ എപ്പോഴും ജാഗ്രതയുള്ള വരായി വചനത്താൽ അവയെ ശോധന ചെയ്യുന്ന വരായിരിക്കുക എന്ന വലിയൊരു കർത്തവ്യം നമു ക്കുണ്ട്. സ്ഥലം സഭകൾ ശക്തീകരിക്കപ്പെടട്ടെ. സഭ യിലെ മൂപ്പന്മാരുടെ ഉത്തരവാദിത്വങ്ങൾ,ശുശ്രൂഷ കന്മരുടെ ഉത്തരവാദിത്വങ്ങൾ, അവയുട പ്രാദേശിക തലത്തിലുള്ള പ്രാധാന്യം ഇവ മനസ്സിലാക്കി സ്ഥലം സഭയ്ക്കുവേണ്ടി സമർപ്പിക്കപ്പെട്ട ജീവിതം നയിക്കുവാൻ നമുക്ക് ഇടയാകട്ടെ. ●

ആർക്കും സ്വയം നീതിമാനാകാൻ സാധ്യമല്ല. “നീതിമാൻ ആരുമില്ല ഒരുത്തൻ പോലുമില്ല” (റോമർ 3:10). ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു. അവന്റെ കൃപയാൽ ക്രിസ്തുയേശുവി ങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതികരിക്കപ്പെടുന്നത് (റോമർ 3:23,24). ദൈവ കൃപയിലൂടെ മാത്രമേ ഒരുവന് നീതിമാനാകുവാൻ കഴിയുകയുള്ളൂ. താഴെ കൊടുത്തിരിക്കുന്ന വചനഭാഗങ്ങളും ഈ ബന്ധത്തിൽ പ്രത്യേകം ശ്രദ്ധേയമാണ്.

“എന്നാൽ ലംഘനത്തിന്റെ കാര്യവും കൃപാ വരത്തിന്റെ കാര്യവും ഒരു പോലെയല്ല. ഏകന്റെ ലംഘനത്താൽ അനേകർ മരിച്ചു എങ്കിൽ ദൈവകൃപയും ഏകമനുഷ്യനായ യേശുക്രിസ്തു വിന്റെ കൃപയാലുള്ള ദാനവും അനേകർക്കു വേണ്ടി ഏറ്റം അധികം കവിഞ്ഞിരിക്കുന്നു. ഏകൻ പാപം ചെയ്തതിന്റെ ഫലവും ദാനത്തിന്റെ കാര്യവും ഒരുപോലെയല്ല. ഏകന്റെ പാപം ശിക്ഷാവിധി കല്പിക്കുവാൻ ഹേതുവായി ത്തീർന്നു... പാപം പെരുകിയേടത്തു കൃപ അത്യ ന്തം വർദ്ധിച്ചു. പാപം മരണത്താൽ വാണതു പോലെ കൃപയും നമ്മുടെ കർത്താവായ യേശു ക്രിസ്തു മുഖാന്തിരം നീതിയാൽ നിത്യജീവനായി വാഴേണ്ടതിനു തന്നേ” (റോമർ 5:15-21).

ദൈവം നോഹയോട് നേരിട്ട് പ്രസ്താവിക്കു ന്നതു നോക്കുക : “ഞാൻ നിന്നെ ഈ തലമുറയിൽ എന്റെ മുമ്പാകെ നീതിമാനായി കണ്ടിരിക്കുന്നു”. (ഉല്പത്തി 7:1). തന്റെ തലമുറയിൽ ദൈവ കൃപയിലൂടെ നീതിമാനും നിഷ്കളങ്കനുമായി ത്തീർന്ന നോഹ ദൈവം കല്പിച്ചതൊക്കെയും ചെയ്തു. (ഉല്പത്തി 6:22). ദൈവകൃപയിലൂടെ നീതമാനായിത്തീർന്ന ഒരുവൻ ദൈവത്തെ പൂർണ്ണമായി അനുസരിച്ച് തന്റെ നിഷ്കളങ്കത്വം വെളിപ്പെടുത്തുന്നു. ദൈവം പെട്ടകം ഉണ്ടാക്കു വാൻ കല്പിച്ചപ്പോൾ കല്പന പ്രകാരം തന്നെ പെട്ടകം ഉണ്ടാക്കി. ശുദ്ധിയുള്ളതും ശുദ്ധിയില്ലാ ത്തതുമായ മൃഗങ്ങളിൽ നിന്നും പക്ഷികളിൽ നിന്നും ഇഴജാതിയിൽ നിന്നും ദൈവത്തിന്റെ കണക്കു പ്രകാരം ആണും പെണ്ണുമായി പെട്ടക ത്തിൽ കടത്തി. ഇത് വളരെ ശ്രമകരമായ പ്രവൃത്തിയായി തോന്നിയേക്കാം. എന്നാൽ അനുസരിപ്പാൻ തയ്യാറായപ്പോൾ പെട്ടന്നു നടന്നു. നോഹയും കുടുംബവും (എട്ടുപേർ) പെട്ടകത്തിൽ കടന്നു. യഹോവ വാതിലു അടച്ചു (ഉല്പത്തി.7:16). അടയ്ക്കപ്പെട്ടത് ആത്മീകാർത്ഥത്തിൽ നോക്കു മ്പോൾ കൃപയുടെ വാതിലാണ്. പിന്നീടാർക്കും പ്രവേശനമില്ല. മഴതുടങ്ങി 40 പകലും 40 രാവും പെയ്ത മഴയിലൂടെ ഉളവായ പ്രളയം സകല പർവ്വതങ്ങളെയും മൂടുവാനും അവയ്ക്കു മുകളിൽ 15 മുഴം വരെ ഉയരുവാനും ഇടയാക്കി. മനുഷ്യർ ഉൾപ്പടെയുള്ള സകല ഭൂചരജന്തുക്കളും ചത്തൊ ടുങ്ങി. ആഴിയുടെ ഉറവുകൾ പിളർന്നതു കൊണ്ടും ആകാശത്തിന്റെ കിളിവാതിലുകൾ തുറന്നതു കൊണ്ടുമായിരിക്കണം വെള്ളം പിന്നെ യും 150 ദിവസം പൊങ്ങിക്കൊണ്ടിരുന്നത്.

ദൈവം നോഹയേയും അവനോടുകൂടെ പെട്ടകത്തിലുള്ള സകല ജീവികളെയും ഓർത്തു (ഉല്പത്തി 8:1). ദൈവം ഭൂമിമേൽ ഒരു കാറ്റ് അടിപ്പിച്ചു. വെള്ളം നിലച്ചു. പിന്നെ കുറയാൻ തുടങ്ങി.

ഈ സംഭവത്തെക്കുറിച്ച് പത്രൊസ് പറയുന്നത് “ആ പെട്ടകത്തിൽ അല്പ ജനം എന്നു വച്ചാൽ 8പേർ വെള്ളത്തിൽ കൂടി രക്ഷ പ്രാപിച്ചു”. (1പത്രൊസ് 3:20). ആദാം മുതൽ നോഹവരെയുള്ള പത്തു തലമുറകളിലെ (ഉല്പത്തി 5-ാം അദ്ധ്യായം) ബഹുസഹസ്രം ജനം ജലപ്രളയത്തിലൂടെ ചത്തൊടുങ്ങിയപ്പോൾ 8 പേർ ഉൾപ്പെടുന്ന ഒരു കുടുംബം ജലത്തിൽ കൂടി രക്ഷ പ്രാപിച്ചു. അതി നു സഹായിച്ചത് പെട്ടകം. അതോ കൃപ മുഖാന്തിരം.

നോഹ പെട്ടകത്തിലായിരുന്നപ്പോൾ പെട്ടക ത്തിനു വെളിയിലായിരുന്നവരുടെ കാര്യം ഓർത്ത് വീണ്ടും വീണ്ടും നെടുവീർപ്പിട്ടു കാണും. വെള്ളം കുടിച്ച് ചത്തു വീർത്ത എത്രയോ ജഡങ്ങൾ ഇപ്പോൾ വെള്ളത്തിനു മുകളിലൂടെ ഒഴുകിനട ക്കുന്നു. ചില ദിവസങ്ങൾക്കു ശേഷം താൻ പെട്ടക ത്തിന്റെ കിളിവാതിൽ തുറന്ന് വെളിയിലേക്കു നോക്കിയപ്പോൾ സകല ഭൂമിയിലും കിടക്കുന്ന വെള്ളത്തിന്റെ മുകളിൽ എത്രയോ ജീർണ്ണിച്ച ജഡങ്ങൾ കാണുന്നു. ഉല്പത്തി 8:1-ൽ ദൈവം നോഹയേയും അവനോടു കൂടെ പെട്ടകത്തിൽ ഉള്ള സകല ജീവികളെയും സകല മൃഗങ്ങളെയും ഓർത്തു എന്ന് രേഖപ്പെടുത്തിയിരിക്കുന്നുത് നാം നേരത്തേ ശ്രദ്ധിച്ചുവല്ലോ. ദൈവം തന്നോട് കൃപകാട്ടിയില്ലാരുന്നെങ്കിൽ തന്റെയും തന്റെ കുടുംബത്തിന്റെയും അവസ്ഥ എത്രമാത്രം വേദ നാജനകമായിരുന്നു എന്ന് നോഹയ്ക്ക് ഓർക്കാ തിരിപ്പാൻ സാധ്യമല്ലല്ലോ. മാത്രമല്ല തന്നെ ഓർത്ത ദൈവത്തെ നന്ദിയോടെ അവൻ ഓർത്ത് സ്തുതിയും സ്തോത്രവും അർപ്പിച്ചുകൊണ്ടിരുന്നു കാണും.

ശാസ്ത്ര പംക്തി

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന - 32

DR. JOHNSON GEORGE, TORONTO, CANADA

**അദ്ധ്യായം 23. പ്രാപഞ്ചിക പരിണാമം എന്ന ആശയത്തിൽ നിറവേറി മറ്റൊരു ബൈബിൾ പ്രവചനം**

ചാൾസ് ഡാർവിൻ ആദ്യം ജീവികളുടെ പരിണാമം എന്ന ആശയം അവതരിപ്പിച്ചു പക്ഷേ ഇന്ന്, ജീവികൾ മാത്രമല്ല, മുഴു പ്രപഞ്ചംതന്നെ ഒരു മഹാസ്ഫോടനത്തിൽ (big bang) ആരംഭിച്ച്, 7 പരിണാമദശകളിലൂടെ കടന്ന് ഇന്നത്തെ അവസ്ഥയിൽ എത്തിയിരിക്കുന്നു എന്ന് ആധുനിക ശാസ്ത്രലോകം വിശ്വസിച്ചിരിക്കുന്നു.

**ഈ** ഭൂമിയും അതിലുള്ള ജീവികളും എങ്ങനെ ഉത്ഭവിച്ചു എന്നതിനെക്കുറിച്ച് സ്രഷ്ടാവ് തന്നെ ബൈബിളിലെ ആദ്യ പുസ്തകത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ഈ വെളിപ്പാട് അംഗീകരിക്കാൻ മനസ്സില്ലാത്ത പല തത്വചിന്തക ന്മാരും, ദൈവത്തെ മാറ്റി നിർത്തിക്കൊണ്ട്, യുക്തി പരമായി എല്ലാറ്റിന്റെയും ആരംഭം വിശദീകരി ക്കുവാൻ ഒരു ശ്രമം ആരംഭിച്ചു. ദൈവത്തെ ക്കൂടാതെ ഈ പ്രപഞ്ചവും ഭൂമിയും ജീവികളും എങ്ങനെയോ ഉണ്ടായി എന്ന് സ്ഥാപിക്കുക അവരുടെ ഉദ്ദേശ്യമാക്കി മാറ്റി. ഗ്രീക്ക് തത്ത്വചിന്തക ന്മാരാണ് ഈ ശ്രമം ആദ്യം ആരംഭിച്ചത്. പിന്നീട് നവോത്ഥാനത്തിന് (renaissance) ശേഷം യൂറോപ്പിലെ തത്ത്വചിന്തകന്മാരും ശാസ്ത്രജ്ഞ ന്മാരും ഈ ശ്രമം ഏറ്റെടുത്തു.

ദൈവത്തെക്കൂടാതെ ഈ പ്രപഞ്ചവും ഭൂമിയും ജീവികളും ഉണ്ടായിവന്നു എന്ന ആശയം പ്രാപ ഞ്ചിക പരിണാമം (Cosmic evolution) എന്നറി യപ്പെടുന്നു. ഈ ആശയത്തെ പൂർണ്ണരൂപ ത്തിലേക്ക് കൊണ്ടുവരുവാൻ പല ശാസ്ത്രജ്ഞ ന്മാർ സഹായിച്ചു. ഈ വിഷയത്തെക്കുറിച്ച് ആദ്യമായി ശാസ്ത്രീയ അഭിപ്രായങ്ങൾ അവ തരിപ്പിച്ചത് ചാൾസ് ഡാർവിൻ (1809-1882) ആയിരുന്നു. ഒരു ഏകകോശത്തിൽ (Single cell) നിന്ന് കോടിക്കണക്കിന് വർഷങ്ങളിലൂടെ പരിണമിച്ച് ഇന്ന് കാണുന്ന ജീവികളെല്ലാം ഉണ്ടായിവന്നു എന്ന് 1859-ൽ ഡാർവിൻ തന്റെ 'The Origin of Species' എന്ന പുസ്തകത്തിൽ പ്രസ്താവിച്ചു. ഡാർവിന്റെ ആശയത്തെ ഇന്ന് നാം ജീവശാസ്ത്രീയ പരിണാമ സിദ്ധാന്തം (The theory of biological evolution) എന്ന് പറയുന്നു.

ജീവശാസ്ത്രീയ പരിണാമ സിദ്ധാന്തത്താൽ പ്രേരിതരായി, മറ്റ് ശാസ്ത്ര ശാഖകളിലെ പഠിതാക്കളും പരിണാമസിദ്ധാന്തത്തെ എങ്ങനെ അവരുടെ ശാസ്ത്രശാഖകളിൽ ഉപയോഗിക്കാം എന്ന് ചിന്തിക്കുവാൻ തുടങ്ങി. അങ്ങനെ വഗോളശാസ്ത്രം (astronomy), ഊർജ്ജതന്ത്രം (Physics), രസതന്ത്രം (Chemistry), ഭൂഗർഭ ശാസ്ത്രം (Geology) നരവംശശാസ്ത്രം (anthropology) എന്നീ ശാഖകളിലെ ശാസ്ത്രജ്ഞന്മാർ പരിണാമം എന്ന ആശയം അവരവരുടെ പഠന മേഖലകളിൽ ഉപയോഗിക്കുവാൻ തുടങ്ങി. ഈ പഠനശാഖകളെല്ലാം വ്യത്യസ്തമായിരുന്നു എങ്കിലും ശാസ്ത്രജ്ഞന്മാർ ഒരു കാര്യത്തിൽ യോജിപ്പ് കാണിച്ചു. ഇവർ എല്ലാവരും അവര വരുടെ പഠനമേഖലകളിൽ, ദൈവത്തെക്കൂടാതെ

---

പഴയനിയമത്തിൽ കാണുന്ന നോഹയുടെ പെട്ടകവും, സമാഗമനകൂടാരത്തിൽ അതിവിശുദ്ധ സ്ഥലത്തു സ്ഥാപിച്ചിരിക്കുന്ന മുകൾഭാഗം കൃപാ സനം കൊണ്ടു മറച്ചിരിക്കുന്ന നിയമ പെട്ടകവും രക്ഷകനായ കർത്താവായ യേശുക്രിസ്തുവിന്റെ നിഴലുകളാണ്. ക്രിസ്തുവിന്റെ യാഗമരണത്തെ ക്കുറിച്ച് പ്രസ്താവിച്ചിരിക്കുന്ന എബ്രായ 9-ാം അദ്ധ്യായത്തിൽ സമാഗമനകൂടാരം ഈ കാല ത്തേക്ക് സദൃശ്യമാണെന്ന് വെളിപ്പെടുത്തിയി രിക്കുന്നു (എബ്രാ.9:9). നാശത്തിലേക്കു നീങ്ങി ക്കൊണ്ടിരിക്കുന്ന മനുഷ്യ ജാതിയുടെ രക്ഷയ്ക്കു വേണ്ടി ക്രിസ്തു ചെയ്തത് എന്താണെന്ന് ഇവിടെ വിവരിച്ചിരിക്കുന്നു.

"ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പ വും തികവുമേറിയ ഒരു കൂടാരത്തിൽ കൂടി ആട്ടു കൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്ത ത്താലല്ല സ്വന്തരക്തത്താൽ തന്നെ ഒരിക്കലായിട്ടു വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ച് എന്നേക്കുമുള്ള വീണ്ടെടുപ്പു സാധിച്ചു"(എബ്രാ.9:11,12). ക്രിസ്തു വിന്റെ രക്തമാണ് ജീവനുള്ളദൈവത്തെ ആരാധി പ്പാൻ മനുഷ്യന്റെ മനസ്സാക്ഷിയിലെ നിർജ്ജീവ പ്രവൃത്തികളെ പോക്കി അവനെ ശുദ്ധീകരിച്ചത് (എബ്രാ.9:14). അഥവാ അവനെ രക്ഷിച്ചത്.

"കൃപയാലത്രേ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് അതിനും നിങ്ങൾ കാരണമല്ല. ദൈവത്തിന്റെ ദാനമത്രേ ആകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല". (എഫെ.2:8). (തുടരും)

എല്ലാം എങ്ങനെ ഉണ്ടായിവന്നു എന്ന് വിശദീകരിക്കുവാൻ ആവേശം കാണിച്ചു.

അങ്ങനെ പരിണാമം എന്ന ആശയം ജീവശാസ്ത്രത്തിന്റെ പരിധി വിട്ട് മറ്റ് ശാസ്ത്ര ശാഖകളിലേക്കും വ്യാപിച്ചു. എല്ലാ ശാസ്ത്ര ശാഖകളിൽ നിന്നുള്ള പരിണാമ ആശയങ്ങളെ യോജിപ്പിച്ചു നോക്കിയപ്പോൾ പ്രപഞ്ചം മുതൽ മനുഷ്യൻ വരെ എല്ലാം തനിയെ പരിണമിച്ചുണ്ടായതാണെന്നുള്ള വാദം യുക്തിപരമാണെന്ന് ഒരു കൂട്ടം ശാസ്ത്രജ്ഞന്മാർക്ക് തോന്നി. ഇങ്ങനെയാണ് പ്രാപഞ്ചിക പരിണാമം (cosmic evoluation) എന്ന ആശയം ഉടലെടുത്തത്. പ്രാപഞ്ചിക പരിണാമവാദം പഠിപ്പിക്കുന്നത്, ഒരു മഹാസ്ഫോടനത്തിൽ (big bang) ആരംഭിച്ച്, പദാർത്ഥം (matter) 7 പരിണാമദശകളിലൂടെ (evolutionary stages) കടന്ന് ഇന്ന് മനുഷ്യൻ എന്ന പരിണാമദശ വരെ എത്തിയിരിക്കുന്നു എന്നാണ്.

ബൈബിൾ പ്രസ്താവിക്കുന്നത് ദൈവമാണ് എല്ലാറ്റിന്റെയും ആരംഭം എന്നാണ്. "ആദിയിൽ ദൈവം ഉണ്ടായിരുന്നു" (യോഹ.1:1) എന്ന് ബൈബിൾ പറയുന്നു. എന്നാൽ പ്രാപഞ്ചിക പരിണാമവാദം പറയുന്നത്. ആദിയിൽ പദാർത്ഥം ഉണ്ടായിരുന്നു എന്നാണ്. വളരെ രസകരം! പക്ഷേ ആദിയിലെ ഈ പദാർത്ഥം എവിടെ നിന്ന് വന്നു എന്നതിന് പരിണാമവാദികൾക്ക് യാതൊരു ഉത്തരവും ഇല്ല.

ഇന്ന് പ്രാപഞ്ചിക പരിണാമവാദം ഒരു ശാസ്ത്രീയ കാഴ്ചപ്പാട് (a scientific worldview) ആയി മാറിയിരിക്കുന്നു. പദാർത്ഥം ഒരു മഹാസ്ഫോടനത്തിൽ ആരംഭിച്ച് കോടിക്കണക്കിന് വർഷത്തിലൂടെ സാവധാനമായി പരിണമിച്ചുകൊണ്ടിരുന്നു എന്ന് ഇന്നത്തെ ശാസ്ത്രലോകം വിശ്വസിച്ചിരിക്കുന്നു. താഴെ പറയുന്ന 7 ദശകളിലൂടെ (stages) പ്രാപഞ്ചിക പരിണാമം നടന്നു എന്നാണ് പരിണാമവാദികൾ വിശ്വസിക്കുന്നത് :

1. അളക്കുവാൻ സാദ്ധ്യമല്ലാത്ത വിദൂര ഭൂതകാലത്ത് പദാർത്ഥം ചൂടുള്ള ഒരു പ്രാപഞ്ചിക ഗോളമായി (Cosmic ball) നിലകൊണ്ടു. ഈ പ്രാപഞ്ചിക ഗോളത്തിൽ ഇന്നത്തേക്കാൾ 14 billion വർഷങ്ങൾക്ക് മുമ്പ് ഒരു മഹാസ്ഫോടനം (big bang) ഉണ്ടായി. സ്ഫോടനത്താൽ പദാർത്ഥം 4 ദിക്കിലേക്കും പാഞ്ഞുതുടങ്ങി. ഈ പായുന്ന പദാർത്ഥം (Flying matter), protons, neutrons, electrons എന്നീ കണങ്ങളാൽ (Particles) നിർമ്മിതമായിരുന്നു. ഈ കണങ്ങൾ തമ്മിൽ യോജിച്ച് Hydrogen(H), Helium (He) എന്നീ പരമാണുക്കൾ (atoms) അഥവാ കണങ്ങൾ ഉണ്ടാകുവാൻ തുടങ്ങി. (Particulate evolution).

2. ഇതിനുശേഷം, പ്രധാനമായും H, He എന്നീ പരമാണുക്കളാൽ നിർമ്മിതമായ പറക്കുന്ന പദാർത്ഥം, ആകർഷണം (gravity) മൂലം പല പിണ്ഡങ്ങളായി (Massess) കൂടുവാൻ തുടങ്ങി. ഓരോ പിണ്ഡവും ഓരോ ഗാലക്സിയായി മാറി. ഇന്ന് പ്രപഞ്ചത്തിൽ കോടിക്കണക്കിന് ഗാലക്സികൾ (നക്ഷത്ര സമൂഹങ്ങൾ) ഉണ്ട്. നമ്മുടെ സൂര്യനും ഭൂമിയും ഉൾക്കൊള്ളുന്ന ഗാലക്സിയെ നാം ക്ഷീരപഥം (Milkey Way) എന്നു വിളിക്കുന്നു. (Galactic evolution)

3. ഓരോ ഗാലക്സിയിലും H,He പരമാണുക്കൾ കൂടിചേർന്ന് നക്ഷത്രങ്ങളെ ജനിപ്പിക്കുവാൻ തുടങ്ങി. അങ്ങനെ ക്ഷീരപഥത്തിൽ കോടിക്കണക്കിന് നക്ഷത്രങ്ങളോടുകൂടെ നമ്മുടെ സൂര്യൻ എന്ന നക്ഷത്രം ഏകദേശം 5 billion വർഷങ്ങൾക്ക് മുമ്പ് ഉണ്ടായി വന്നു (Stellar evolution)

4. സൂര്യനു ചുറ്റും മറ്റു ഗ്രഹങ്ങളോടൊപ്പം ഭൂമിയും ഏകദേശം 4.6 billion വർഷങ്ങൾക്ക് മുമ്പ് ഉണ്ടായി വന്നു (Planetary evolution).

5. ഭൂമിയിലെ സമുദ്രത്തിൽ, ലളിതമായ രസായനങ്ങൾ കൂടി ചേർന്ന്, DNA പോലെയുള്ള സങ്കീർണ്ണമായ രസായനങ്ങൾ (Complex chemicals) ഉണ്ടാകുകയും, അങ്ങനെ ഏകദേശം 3.5 billion വർഷങ്ങൾക്ക് മുമ്പ് ആദ്യ ജീവകോശം (first living cell) ഉണ്ടായി വരികയും ചെയ്തു (Chemical evolution).

6. ഈ ആദ്യകോശം കോടിക്കണക്കിന് വർഷങ്ങളിലൂടെ കൂടുതൽ സങ്കീർണ്ണമായ ജീവികളിലേക്ക് പരിണമിച്ചു കൊണ്ടിരുന്നു. അങ്ങനെ ക്രമേണ ഇന്ന് കാണുന്ന സസ്യങ്ങളും ജന്തുക്കളും എല്ലാം മനുഷ്യൻ ഉൾപ്പടെ ഉണ്ടായി വന്നു (Biological evolution).

7. മൃഗ തുല്യനായ മനുഷ്യൻ ബുദ്ധിയിലും പെരുമാറ്റത്തിലും പരിണമിക്കുകയും ഇന്നത്തെ അവസ്ഥയിൽ എത്തിചേരുകയും ചെയ്തു. (Cultural evolution)

മുകളിൽ പറഞ്ഞിരിക്കുന്ന 7 ദശകളിലൂടെയാണ് മനുഷ്യൻ വരെയുള്ള പ്രാപഞ്ചിക പരിണാമം നടന്നിരിക്കുന്നത് എന്ന് പരിണാമവാദികൾ വിശ്വസിക്കുന്നു. പ്രാപഞ്ചിക പരിണാമം എന്ന ആശയത്തെ അന്തിമരൂപത്തിൽ എത്തിക്കുവാൻ പല ശാസ്ത്രജ്ഞന്മാർ ഒരുമിച്ചു പ്രവർത്തിച്ചു എങ്കിലും പൊതു ജനങ്ങളുടെ ഇടയിൽ ഈ ആശയത്തെ പ്രചരിപ്പിച്ചത് അമേരിക്കൻ വാനശാസ്ത്രജ്ഞൻ Harlow Shapley (1885-1972) ആയിരുന്നു. പിന്നീട് NASA പ്രാപഞ്ചിക പരിണാമം എന്ന ആശയത്തെ തങ്ങളുടെ ഗവേഷണ പരിപാടിയുടെ ഒരു ഭാഗമാക്കി മാറ്റി.

അടുത്ത കാലത്ത് Carl Sagan, Eric Chaisson എന്നിവർ ഉൾപ്പടെ പല പ്രശസ്ത ശാസ്ത്രജ്ഞന്മാർ ഈ വാദത്തിന്റെ വക്താക്കളായി മാറി. ഇപ്പോൾ പ്രാപഞ്ചിക പരിണാമം എന്ന ആശയം 21-ാം നൂറ്റാണ്ടിന്റെ ശാസ്ത്രീയ കാഴ്ചപ്പാടായി മാറിയിരിക്കുന്നു.

പ്രാപഞ്ചിക പരിണാമം എന്ന ആശയം അവതരിപ്പിച്ചിരിക്കുന്നത് വളരെ വ്യവസ്ഥിതവും ശാസ്ത്രീയവും എന്ന് തോന്നുന്ന വിധത്തിലാണ്. പക്ഷേ പ്രാപഞ്ചിക പരിണാമം നടന്നിട്ടുണ്ട് എന്നതിന് തെളിവുകൾ വല്ലതും ഉണ്ടോ? തെളിവുകൾ എന്ന വിധത്തിൽ പരിണാമവാദികൾ എടുത്ത് കാണിക്കുന്നത് ഇന്ന് പ്രപഞ്ചത്തിൽ നടക്കുന്ന മാറ്റങ്ങൾ (changes) ആണ്. പ്രപഞ്ചത്തിൽ എപ്പോഴും മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. ഉദാഹരണത്തിന് ഗാലക്സികൾ ചലിച്ചുകൊണ്ടിരിക്കുന്നു. പുതിയ നക്ഷത്രങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു, പഴയ നക്ഷത്രങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നു, ജീവികളിൽ വ്യതിയാനങ്ങൾ (Variations) സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇത്യാദി ഈ മാറ്റങ്ങൾ സംഭവിക്കുന്നത് ഇന്ന് ശാസ്ത്രജ്ഞന്മാർക്ക് നേരിട്ട് കാണാം. പക്ഷേ ഈ മാറ്റങ്ങൾ എന്തുകൊണ്ട് സംഭവിക്കുന്നു എന്നോ ഈ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രപഞ്ചം ഭൂതകാലത്ത് എങ്ങനെ ആയിരുന്നു എന്നോ വസ്തുനിഷ്ഠമായി പറയുവാൻ ഒരു ശാസ്ത്രജ്ഞനും കഴിയുകയില്ല. ഇന്ന് ഗാലക്സികൾ എല്ലാം ഒരു കേന്ദ്രത്തിൽ നിന്ന് പരിധിയിലേക്ക് വേഗത്തിൽ പാഞ്ഞുകൊണ്ടിരിക്കുന്നതിനാൽ, ഇവയെല്ലാം ഒരു കാലത്ത് ഒരു കേന്ദ്രത്തിൽ ഒരു ഗോളമായി നിലനിന്നിരുന്നു എന്നും ഈ ഗോളത്തിൽ ഒരു സ്ഫോടനം ഉണ്ടായിട്ടാണ് ഗാലക്സികൾ ആരംഭിച്ചത് എന്നും പരിണാമവാദ ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. ഇന്ന് നാം കാണുന്ന മാറ്റങ്ങൾ, കോടിക്കണക്കിന് വർഷങ്ങളിലൂടെ ലളിതമായ ഒരു പ്രപഞ്ചത്തെ (a simple universe) സങ്കീർണമായ ഒരു പ്രപഞ്ചത്തിലേക്ക് പരിണമിപ്പിച്ചിരിക്കുന്നു എന്ന് പരിണാമവാദികൾ വിശ്വസിക്കുന്നു. പക്ഷേ വസ്തുക്കളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ ഈ വിശ്വാസം അടിസ്ഥാന രഹിതമാണ്, കാരണം ഇന്നത്തെ പ്രപഞ്ചത്തിൽ ഇതിനെതിരായിട്ടാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. മതിയായ സമയം ലഭിച്ചാൽ ഈ പ്രപഞ്ചം മെച്ചമായ അവസ്ഥയിൽ നിന്ന് മോശമായ അവസ്ഥയിലേക്ക് നീങ്ങും എന്നതാണ് വസ്തുത. ഇന്ന് പ്രപഞ്ചം സാവധാനമായി ഒരു ക്രമത്തിൽ (order) നിന്ന് ക്രമരാഹിത്യത്തിലേക്ക് (disorder) നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ പ്രതിഭാസം പരിണാമത്തിനെതിരാണ്. ഇന്നത്തെ ക്ഷയിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചത്തെ നോക്കിക്കൊണ്ട് ഇത് പരിണമിച്ചതാണെന്നോ ഇതിന് ഇപ്പോൾ പരിണാമം സംഭവിച്ചുകൊണ്ടിരിക്കുയാണെന്നോ വിശ്വസിക്കുവാൻ പ്രയാസം ഉണ്ട്. അതുകൊണ്ട് പ്രാപഞ്ചിക പരിണാമം എന്ന ആശയം. മതിയായ തെളിവുകൾ കൂടാതെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ഒരു തത്വചിന്ത മാത്രമാണ്. ഇന്ന് നമ്മുടെ പ്രപഞ്ചം എന്തുകൊണ്ട് ക്ഷയിച്ചുകൊണ്ടിരിക്കുന്നു എന്ന് ശാസ്ത്രജ്ഞന്മാർക്ക് മനസ്സിലാകുന്നില്ല. എങ്കിലും ബൈബിൾ ഇതിന് ഉത്തരം നൽകുന്നുണ്ട്. (റോമർ 8:19-23)

ഇന്നത്തെ ശാസ്ത്രലോകം സൃഷ്ടി എന്ന ആശയത്തെ പൂർണ്ണമായി നിരസിച്ചിരിക്കുന്നു. ചാൾസ് ഡാർവിൻ ആദ്യം ജീവികളുടെ പരിണാമം എന്ന ആശയം അവതരിപ്പിച്ചു. പക്ഷേ ഇന്ന് ജീവികൾ മാത്രമല്ല, മുഴു പ്രപഞ്ചം തന്നെ പരിണമിച്ച് ഉണ്ടായിരിക്കുന്നു എന്ന് നിഗമനത്തിലേക്ക് ശാസ്ത്രലോകം എത്തിയിരിക്കുന്നു.

അതിശയകരം എന്ന് പറയട്ടെ, അന്ത്യകാലത്ത് മനസ്സോടെ സൃഷ്ടിയെ നിഷേധിക്കുന്ന ഒരു കൂട്ടം ആളുകൾ ഭൂമിയിൽ ഉണ്ടായിരിക്കും എന്ന് ബൈബിൾ ഏകദേശം 1900 വർഷങ്ങൾക്ക് മുമ്പ് പ്രവചിച്ചിരുന്നു. "സ്വന്തമോഹങ്ങളെ അനുസരിച്ച് നടക്കുന്ന പരിഹാസികൾ പരിഹാസത്തോടെ അന്ത്യകാലത്ത് വരുമെന്ന് വിശേഷാൽ അറിഞ്ഞുകൊൾവിൻ..... ആകാശവും (അതായത് പ്രപഞ്ചവും)... ഭൂമിയും പണ്ട് ദൈവത്തിന്റെ വചനത്താൽ ഉണ്ടായി എന്നും..... അവർ മനസ്സോടെ മറന്നു കളയുന്നു." (2 പത്രോസ് 3:3-7). ഈ പ്രവചനം എത്ര അത്ഭുതകരമായി ഇന്ന് പരിണാമവാദികളിൽ നിറവേറിയിരിക്കുന്നു. ആദിയിൽ തന്നെ അവസാനവും കാണുന്ന ദൈവത്തിന്റെ വചനമാണ് ബൈബിൾ എന്നതിന് മറ്റൊരു തെളിവാണ് പ്രാപഞ്ചിക പരിണാമവാദത്തിന് ഇന്ന് ലഭിച്ചിരിക്കുന്ന സാർവത്രിക അംഗീകാരം. (തുടരും)

## രോഗികൾ

**കൊടുങ്ങല്ലൂർ :** സഹോ. സുരേഷും കുടുംബവും 4 വർഷമായി സഭാകൂട്ടായ്മയിൽ മുന്നോട്ട് പോകുന്നു. തനിക്ക് ഇരട്ട പ്രസവിച്ച 2 പെൺമക്കളും ശരീരത്തിന് വൈകല്യമുള്ളവരാണ്. മൂത്തമകൾ സരസ്വതി (13) തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാലിന് ഓപ്പറേഷന് വിധേയമായി സൗഖ്യം പ്രാപിച്ചു വരുന്നു. രണ്ടാമത്തെ മകൾ ലക്ഷ്മി (13) ശരീരം പൂർണ്ണമായി തളർന്ന തനിക്ക് തൃശ്ശൂർ ഒല്ലൂരിൽ കാന്തചികിത്സയ്ക്കായി ആഗസ്റ്റ് 8ന് അഡ്മിറ്റാക്കിയിരിക്കുന്നു. 3 മാസത്തെ ചികിത്സ ആവശ്യമാണ്. വളരെ നിർദ്ധനരായ കുടുംബത്തിലെ പ്രിയ കുഞ്ഞുങ്ങളുടെ പൂർണ സൗഖ്യത്തിനായി ദൈവജനം പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഭയ്ക്കു വേണ്ടി റ്റി. എ. പുഷ്ക്കരൻ, അനൂപ് പി. ജോൺ.

# നമ്മുടെ കർത്താവിന്റെ ജൈത്രയാത്രകൾ

A.M. SAMUEL, KOTTAYAM

സർവ്വവല്ലഭനും, നിത്യനും, പരിശുദ്ധനുമായ ദൈവപുത്രൻ, കേവലം ദരിദ്രരിൽ ദരിദ്രനായിട്ടാണ് ഈ ഭൂമിയിൽ ജനിച്ചതും ജീവിച്ചതും. അവൻ സമ്പന്നനായിരുന്നിട്ടും തന്റെ ദാരിദ്ര്യത്താൽ നമ്മൾ സമ്പന്നരാകേണ്ടതിന്നു, നമ്മൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നാം അറിയുന്നുവല്ലോ. (2 കൊരി.8:9). അവൻ ജനിച്ചതു വഴിയമ്പലത്തിൽ, ശിശുവിനെ കിടത്തിയതു കാലിത്തൊഴുത്തിൽ അവനു സ്വന്തമെന്നു പറയുവാൻ ഒരു ഭവനമില്ലായിരുന്നു. പലപ്പൊഴും രാത്രി കഴിച്ചു കൂട്ടിയതു വിജന സ്ഥലങ്ങളിലും മരുഭൂമിയിലും ആയിരുന്നു. സ്വന്തമായി ഒരു വാഹനം അവനുണ്ടായിരുന്നില്ല. പത്രൊസിന്റെ പടകും, മറ്റൊരുവന്റെ കഴുതക്കുട്ടിയെയും അവൻ ഉപയോഗിച്ചു. അന്ത്യ അത്താഴത്തിനായി ഒരുവന്റെ വിരിച്ചൊരുക്കിയ മാളിക ചോദിച്ചു വാങ്ങി. കരം കൊടുക്കേണ്ടി വന്നപ്പോൾ ചൂണ്ടയിട്ടു പിടിച്ച മത്സ്യത്തിന്റെ വായിൽ നിന്നും ദ്രവ്യം കണ്ടെത്തി. ഈ ലോകത്തിന്റേതായ ഉന്നത വിദ്യാഭ്യസമൊന്നും അവൻ നേടിയിരുന്നില്ല. ഇങ്ങനെ ഇഹത്തിൽ ജീവിച്ച നമ്മുടെ കർത്താവിന്റെ ചില ജൈത്രയാത്രകളെപ്പറ്റി അല്പമായി ചിന്തിക്കാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

1. കർത്താവിന്റെ പരസ്യ ശുശ്രൂഷയുടെ അവസാനഘട്ടമെത്തിയപ്പോൾ താൻ യരുശലേമിലേക്കു നടത്തിയ ജൈത്രയാത്രയെപ്പറ്റി നാം മത്തായി 21:1-11 വരെ വായിക്കുന്നു. (നാലു സുവിശേഷങ്ങളിലും ഈ സംഭവം രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം). സ്വയം പ്രസിദ്ധി നേടുവാൻ വിമുഖനായിരുന്ന നമ്മുടെ കർത്താവു പരസ്യമായി ചെയ്ത ഈ പ്രവൃത്തി അല്പം വിരോധാഭാസമായി തോന്നിയേക്കാം. എന്നാൽ കർത്താവു പൂർണ്ണമനുഷ്യനും പൂർണ്ണദൈവവുമായിരുന്നു എന്നോർക്കണം.

അടയാളങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വച്ചു അവൻ വെള്ളം വീഞ്ഞാക്കിയതു മൂലം തന്റെ മഹത്വം വെളിപ്പെടുത്തിയതായി വായിക്കുന്നുണ്ട്. ഇവൻ ആര്? എന്ന് ചോദിക്കതക്കവണ്ണം മറ്റനേക സന്ദർഭങ്ങളിൽ തന്റെ ദിവ്യത്വം കർത്താവ് വെളിപ്പെടുത്തിയതായി കാണുവാൻ കഴിയും.

ഇവിടെ ഇതാ സൗമ്യനായി കഴുതപ്പുറത്തു കയറി യാത്രചെയ്യുന്നു (സെഖ.9:9). ജനക്കൂട്ടം അവന്നു ഹോശന്നാ പാടുകയാണ്. അതിനുശേഷം യേശു ദൈവാലയത്തിൽ ക്രയവിക്രയം ചെയ്യുന്നവരെ അടിച്ചു പുറത്താക്കി അവിടെ ശുദ്ധമാക്കുന്നതും കാണുന്നു. തന്റെ ചുറ്റിലുമുള്ളവരുടെമേൽ അധികാരമുള്ളവനാണു അവൻ എന്നു പ്രഖ്യാപിക്കയത്രെ ചെയ്യുന്നത്.

2. ഉയിർത്തെഴുന്നേറ്റശേഷം നമ്മുടെ കർത്താവു 40 ദിവസങ്ങൾ ശിഷ്യന്മാർക്കു പ്രത്യക്ഷനാകുകയും അവർ നോക്കിനില്ക്കെ സ്വർഗ്ഗാരോഹണം ചെയ്കയും ചെയ്തു. റോമാ ഗവണ്മെന്റിന്റെ മുദ്രയ്ക്കൊ കാവൽപ്പട്ടാളത്തിനൊ അവന്റെ കല്ലറയുടെ വാതിൽ തുറക്കുന്നതിനു തടസ്സം നില്ക്കാൻ കഴിഞ്ഞില്ല. മരണപാശങ്ങളെ അഴിച്ചിട്ടു ദൈവം അവനെ ഉയിർത്തെഴുന്നേല്പിച്ചു. മരണത്തിന്മേൽ ജയം കൊണ്ടാടിയ ക്രിസ്തു ജയാളിയായി സ്വർഗ്ഗത്തിലേക്കു കരേറിപ്പോയി. ഇന്നു ദൈവ വലഭാഗത്തു നമുക്കു വേണ്ടി മദ്ധ്യസ്ഥം ചെയ്തുകൊണ്ടു അവൻ ജീവിക്കുന്നു.

3. "നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും". ശിഷ്യന്മാരോടു ദൂതന്മാർ പറഞ്ഞ വാക്കുകളാണ്. തനിക്കായി കാത്തു നില്ക്കുന്നവരുടെ രക്ഷയ്ക്കായി അവൻ വീണ്ടും വരുന്നു. അതിനായുള്ള ഒരുക്കങ്ങളാണ് ഇന്നു ലോകത്തിൽ നാം കണ്ടുകൊണ്ടിരിക്കുന്ന സംഭവങ്ങൾ. കർത്താവിന്റെ രണ്ടാം വരവിനു 2 പതനങ്ങളുള്ളതായി തിരുവചനത്തിൽ നിന്നും മനസ്സിലാക്കുവാൻ കഴിയും. യേശുക്രിസ്തു മദ്ധ്യാകാശത്തിലേക്കു ഇറങ്ങിവരികയും തന്റെ കാന്തയാകുന്ന മണവാട്ടി സഭ (ക്രിസ്തുവിൽ മരിച്ചവരും, ജീവനോടെ ശേഷിക്കുന്നവരുമായ വിശുദ്ധന്മാരുടെ കൂട്ടം) കർത്താവിനെ എതിരേല്ക്കുവാൻ മേഘങ്ങളിൽ എടുക്കപ്പെടുകയും ചെയ്യും. ഇതു ഒന്നാം പതനം. 7 വർഷങ്ങൾ മദ്ധ്യാകാശത്തിൽ ആയിരുന്ന ശേഷം യേശുക്രിസ്തു സഭയുമായി ഭൂമിയിലേക്കു ഇറങ്ങിവരികയും തുടർന്ന് 1000 വർഷങ്ങൾ നീതിയുള്ള രാജാവായി ഈ ഭൂമിയിൽ വാഴുകയും ചെയ്യും. ഇതു രണ്ടാം പതനം. ഈ കാലയളവിൽ നടക്കുന്ന നിരവധി സംഭവങ്ങൾ നമുക്കു രേഖപ്പെടുത്തിക്കിട്ടിയിട്ടുണ്ട്. അതിലേക്കു ഇപ്പോൾ കടക്കുന്നില്ല. "അന്നു അവൻ എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും നീക്കം വരുത്തിയിട്ടു രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും. പുത്രൻ താനും സകലവും തനിക്കു കീഴാക്കിക്കൊടുത്തവന്നു കീഴ്പ്പെട്ടിരിക്കും" (1 കൊരി.15:24-28).

ശേഷം 17-ാം പേജിൽ

# ഒരുക്കമുള്ള ആരാധന

എസ്.ജി. ഗിൽബർട്ട്, ആറാമട

ദൈവത്തെ ആരാധിക്കുക എന്നുള്ളത് വ്യക്തിപരവും അതോടൊപ്പം സഭാപരവും ആണ്. വ്യക്തിപരമായാലും സഭാപരമായാലും ആരാധന ക്ക് കൃത്യമായ ഒരുക്കം ആവശ്യമാണ്. അബ്രഹാം, ദാവീദ് തുടങ്ങിയ പിതാക്കന്മാർ ദൈവത്തെ ആരാധിച്ചപ്പോൾ കൃത്യമായ ഒരുക്കം മാത്രമല്ല നല്ല ചെലവ് ചെയ്താണ് അവർ ദൈവത്തെ ആരാധിച്ചിട്ടുള്ളത്. പുതിയനിയമ ആരാധനയ്ക്ക് 2 തരത്തിലുള്ള ഒരുക്കം ആവശ്യമാണ്. വ്യക്തിപരമായ ഒരുക്കവും സഭാപരമായ ഒരുക്കവും അനിവാര്യമാണ്.

**A. വ്യക്തിപരമായ ആരാധന**

നാം ഓരോരുത്തരും ദൈവത്തിന്റെ മന്ദിരമായതിനാൽ നമുക്ക് ഓരോരുത്തർക്കും ദൈവത്തെ ആരാധിക്കുവാൻ അവകാശമുണ്ട്. വിശുദ്ധനായ ദൈവത്തെ വിശുദ്ധിയോടുകൂടെ ആരാധിച്ചാലെ വ്യക്തിപരമായ ആരാധനയായാലും ദൈവം സ്വീകരിക്കുയുള്ളൂ. മനസ്സ് എപ്പോഴൊക്കെ ദൈവത്തിൽ ഏകാഗ്രഹമാകുമോ അപ്പോഴൊക്കെ നന്ദികൊണ്ട് നിറഞ്ഞ് സ്തുതി സ്തോത്രയാഗങ്ങൾ അർപ്പിക്കുവാൻ സാധിക്കും. ദേഹം, ദേഹി, ആത്മാവ് ഒരേ തട്ടിൽ വരുമ്പോൾ മാത്രമെ വ്യക്തിപരമായ ആരാധന ശരിയായ നിലയിൽ ചെയ്യാൻ കഴിയൂം. അത് എവിടെ വച്ചും ഏതു സന്ദർഭത്തിലുമാകാം. മനസ്സിലെ ഒരുക്കം കൂടാതെ എത്രപ്രാവശ്യം ദൈവത്തെ ആരാധിച്ചാ ലും അതു ദൈവം സ്വീകരിക്കയില്ല. വ്യക്തിപരമാ യി ദൈവവുമായി അഭേദ്യബന്ധമുള്ള ഒരു വ്യക്തിക്കു മാത്രമെ ദൈവത്തെ ആരാധിക്കുവാൻ മനസ്സുണ്ടാകയുള്ളൂ. വ്യക്തിപരമായി നിരന്തരം ദൈവത്തെ ആരാധിക്കുന്നവനു മാത്രമെ സഭയായി ആരാധിക്കാൻ അവകാശമുള്ളൂ. ആരാധന കേവലം ഞായറാഴ്ച മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നല്ല. വ്യക്തിപരമായി 6 ദിവസം ദൈവത്തെ ആരാധിക്കുന്ന ഒരുവനു മാത്രമെ വിശുദ്ധസഭാ യോഗത്തിൽ കർത്തൃമേശയോടു കൂടിയുള്ള ആരാധനയിൽ പങ്കുചേരാൻ അവകാശമുള്ളൂ.

**1. ആരാധനയക്കുള്ള തടസ്സങ്ങൾ**

a.ചെറിയ തെറ്റുകൾ ജീവിതത്തിൽ ഉണ്ടായാൽ; അത് ദൈവസന്നിധിയിൽ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ചിട്ടു മാത്രമേ ആരാധിക്കാവൂ.

b.സഹോദരി സഹോദരന്മാർ തമ്മിൽ പ്രശ്നങ്ങൾ ഉണ്ടായാൽ, അത് സൂര്യൻ അസ്തമിക്കുന്നതിനു മുന്നമെ പരിഹരിക്കണം. അത് പരിഹരിക്കാതെ ദൈവത്തെ ആരാധിക്കു വാൻ നല്ല മനസ്സാക്ഷി ഉണ്ടാകുകയില്ല.

**B. സഭയായിട്ടുള്ള ആരാധന**

പല വ്യക്തികൾ ചേർന്നതാണല്ലോ ദൈവസഭ. വ്യക്തികൾ എല്ലാവരും ഒരുക്കപ്പെട്ടാലെ സഭയായി ഒരുക്കപ്പെടുകയുള്ളൂ. സഭ ദൈവത്തിന്റെ ശരീരമാകയാൽ നാം എല്ലാവരും ചേർന്ന് ക്രിസ്തുവിൽ ഒന്നായിട്ടാണ് ആരാധിക്കുന്നത്. അതിനാൽ അതിൽ അശുദ്ധിയോടുകൂടെ ഒരുവൻ ആരാധനയിൽ പങ്കെടുക്കുന്നുയെന്നു മനസ്സിലായാൽ ആ വ്യക്തിയോടു കൂടെ ആരാധിക്കാൻ പാടില്ല. അശുദ്ധിയോടു കൂടിയുള്ള ആരാധന ദൈവം സ്വീകരിക്കയില്ല.

**1. വ്യക്തിപരമായി ഒരുങ്ങണം (റോമർ 12:1)**

നമ്മുടെ ശരീരത്തിൽ 3 ഘടകങ്ങൾ ഉണ്ട്. ദേഹം, ദേഹി, ആത്മാവ് ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുമ്പോൾ ഈ 3 ഘടകങ്ങളും ഒരുക്കപ്പെടണം.

a. ദേഹം : ദൈവത്തെ ആരാധിക്കാൻ പോകുമ്പോൾ ശാരീരിക ശുദ്ധി ആവശ്യമാണ്. മദ്യപാനം, പുകവലി, മയക്കുമരുന്നകൾ, പുകയില, പാൻപരാക് തുടങ്ങിയവയെല്ലാം ദേഹത്തെ അശുദ്ധമാക്കുന്നവയാണ്. ഇതൊന്നും ദൈവത്തെ ആരാധിക്കുന്ന വ്യക്തി ഉപയോഗിക്കാൻ പാടില്ല. മിക്കവാറും എല്ലാവരും തന്നെ ഇന്ന് രോഗികളാണ്. ദൈവത്തെ ആരാധിക്കുമ്പോൾ കുളിച്ചു വൃത്തിയായിട്ടു മാത്രമെ ആരാധിക്കാവൂ എന്നൊരു കല്പന തന്നിട്ടില്ല. ഹൈന്ദവർ ഈശ്വര ദർശനം നടത്തുന്നതിനു മുമ്പ് കുളിച്ചിരിക്കും. ശരീരശുദ്ധിവരുത്തിയിട്ടു മാത്രമെ ക്ഷേത്രദർശനം ചെയ്യുകയുള്ളൂ. സമാഗമന കൂടാരത്തിൽ പ്രകാരത്തിൽ പിച്ചളത്തൊട്ടിയിൽ വെള്ളം വച്ചിട്ടുണ്ട്. അത് കഴുകി ശുദ്ധീകരണം പ്രാപിക്കാനാണ്. ദേഹശുദ്ധിക്ക് പ്രത്യേക കല്പന തന്നിട്ടില്ലെങ്കിലും കഴിയുമെങ്കിൽ കുളിച്ചു വൃത്തിയായിട്ടു തന്നെ ദൈവത്തെ ആരാധിക്കാൻ വരുന്നത് വളരെ നല്ലതാണ്. പലതരത്തിലുള്ള രോഗങ്ങളിൽ കൂടെ കടന്നുപോകുന്ന പലർ ഉള്ളതിനാൽ കർത്തൃമേശയിൽ പങ്കെടുക്കുന്നവർ കൂട്ടു സഹോദരനു ഇടർച്ച വരാതിരിക്കാൻ നമ്മുടെ വായ് നല്ലവണ്ണം ബ്രഷ് ചെയ്തിട്ടു വരുന്നതു ഉത്തമമായിരിക്കും. നമ്മുടെ ശരീരം ദൈവത്തിന്റെ മന്ദിരമാകയാൽ എത്ര ഭംഗിയോടും ശുചിത്വത്തോടും കൂടെ ദൈവസന്നിധിയിൽ വരാമോ അതു ഉത്തമം തന്നെയായിരിക്കും.

# മാളികമുറി പ്രഭാഷണം - 24

ഡോ. ഒ.എം. ശാമുവേൽ

യേശുക്രിസ്തുവിന്റെ പ്രാർത്ഥനയുടെ മറ്റൊരു വിഷയം അവർ തമ്മിലുള്ള ഐക്യമാണ്. "*പരിശുദ്ധ പിതാവേ, അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിന് നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളേണമേ*" (യോഹ. 17:11). ഈ മദ്ധ്യസ്ഥ പ്രാർത്ഥനയിൽ ദൈവജനത്തിന്റെ ഐക്യതയെക്കുറിച്ച് 5 പ്രാവശ്യം പ്രാർത്ഥിക്കുന്നുണ്ട്. കർത്താവിന്റെ ഹൃദയത്തിന്റെ വിശാലത നമുക്കു ഈ ഭാഗത്ത് ദർശിക്കാം. ഈ വാക്യത്തിൽ ശിഷ്യന്മാർക്കുണ്ടായിരിക്കേണ്ട ഐക്യത്തെക്കുറിച്ചാണ് നാം വായിക്കുന്നത്. ത്രിയേക ദൈവത്തിലെ ഐക്യത പോലെയുള്ള ഐക്യതയാണ് ശിഷ്യന്മാർക്കുവേണ്ടി ആഗ്രഹിക്കുന്നത്. മറ്റ് നാലു പരാമർശങ്ങളും സഭയുടെ ഐക്യത്തോടുള്ള ബന്ധത്തിലാണ് പറഞ്ഞിരിക്കുന്നത്. ദൈവമക്കൾ എന്ന നിലയിൽ നമുക്കു ലഭിച്ചിരിക്കുന്ന ഐക്യബന്ധം ഒരിക്കലുമില്ലാതാക്കാൻ നമുക്കു കഴിയുകയില്ല. ഈ ഐക്യം നമ്മുടെ ശ്രമഫലമായി ഉണ്ടാകുന്ന ഒന്നല്ല. ഈ ഐക്യബന്ധം വേണ്ട എന്നു പറയാനും ആ ഐക്യത്തെ തച്ചുടയ്ക്കാനും ആർക്കും കഴിയുകയില്ല. ലോകത്തിൽ ഒരു ഏക സഭ സ്ഥാപിതമാകുന്നതിനു വേണ്ടി എന്തെല്ലാം ശ്രമങ്ങളാണ് നടക്കുന്നത്. തിരുവചന സത്യങ്ങൾ കാറ്റിൽ പറത്തിക്കൊണ്ട് അന്യോന്യം വിട്ടു വീഴ്ചകൾ ചെയ്തുകൊണ്ട് മാനുഷീകമായ ഐക്യം ഊട്ടിയുറപ്പിക്കാൻ വെമ്പൽ കൊള്ളുന്ന ലോകത്തിലാണല്ലോ നാം ജീവിക്കുന്നത്. എന്നാൽ കർത്താവു പറയുന്ന ഐക്യം അങ്ങനെയുള്ളതല്ല. ഈ ഐക്യം ദൈവത്തിന്റെ സർവ്വാധികാരത്തിൽ പെട്ടതാണ്. ദൈവത്തിന്റെ കാര്യപരിപാടിയുടെ ഒരു ഭാഗമാണ്. അതിനെ ശിഥിലീകരിക്കാൻ ഒരു ശക്തിക്കും കഴിയുന്നതല്ല.

തിരുവചനത്തിലെ ചില നിഴലുകൾ പോലും ഈ സത്യം വളരെ വ്യക്തമാക്കുന്നുണ്ട്. സമാഗമനകൂടാരത്തിന്റെ പലകകൾ തമ്മിൽ ബന്ധിപ്പിച്ചി

---

b. ദേഹി : അസൂയ, വിദ്വേഷം, പക, വൈരാഗ്യം എന്നിങ്ങനെയുള്ള എല്ലാ പാപസ്വഭാവങ്ങളും നിലകൊള്ളുന്നത് ദേഹിയിലാണ്. രക്ഷിക്കപ്പെട്ട ദൈവമക്കളിലും മുകളിൽ പറഞ്ഞിരിക്കുന്ന ജഡത്തിന്റെ സ്വഭാവങ്ങൾ പല അളവുകളിൽ കാണാൻ സാദ്ധ്യതയുണ്ട്. സഭയിലുള്ള വിശ്വാസികളോടുള്ള ബന്ധത്തിൽ അസൂയ, വിദ്വേഷം,പക തുടങ്ങിയവ വച്ചു പുലർത്തിക്കൊണ്ട് ഒന്നിച്ച് എങ്ങനെയാണ് ഏക ആത്മാവിൽ ദൈവത്തെ ആരാധിക്കാൻ സാധിക്കുന്നത്. തമ്മിൽ തമ്മിൽ നിരപ്പു പ്രാപിക്കേണ്ടുന്ന വിഷയത്തിൽ നല്ലൊരു പങ്കും വരുന്നത് ദേഹിയുമായുള്ള ബന്ധത്തിലാണ്. ദൈവത്തെ ആരാധിക്കുമ്പോൾ നിർമ്മല മനസ്സാക്ഷിയോടെ ആരാധിക്കണം. (2തിമൊ.1:4). ദേഹി ഒരുക്കപ്പെടാൻ വളരെ പ്രയാസമാണ്. ദേഹിയുടെ രക്ഷ ഒരുവന്റെ മരണത്തിലേ പൂർത്തിയാകൂ. ദേഹി അനുദിനം പുതുക്കം പ്രാപിച്ചു കൊണ്ടിരിക്കണം (കൊല.3:10). മനസ്സു പുതുക്കി രൂപാന്തരപ്പെട്ടുവേണം ദൈവത്തെ ആരാധിക്കുവാൻ (റോമർ 12:2). ഞായറാഴ്ച ചിലരെയൊക്കെ ശത്രുക്കൾ എന്നു എണ്ണിക്കൊണ്ട് ആരാധിക്കുന്നത് കണ്ടിട്ടുണ്ട്. അങ്ങനെ ദേഹിയെ ദൈവവചന പ്രകാരം നിയന്ത്രിക്കാതെ ആരാധിച്ചാൽ ദൈവം പ്രസാദിക്കുമോ? ഒരിക്കലുമില്ല. ദേഹി ദൈവാത്മാവിനാൽ ഒരുക്കപ്പെട്ടില്ലെങ്കിൽ ആ ആരാധന കേവലം യാന്ത്രികമായിരിക്കും. ദൈവം സ്വീകരിക്കയില്ല. ദൈവത്തെ ആരാധിക്കാൻ വരുമ്പോൾ മനസ്സിൽ നിന്നും എല്ലാ അശുദ്ധിയും നീക്കിയിരിക്കണം.

**C. ആത്മാവ്** : ആത്മാവ് ദൈവബോധത്തിന്റെ ഇരിപ്പിടമാണ്. ആത്മാവ് ഒരുക്കമുള്ളത് ജഡമോ, ബലഹീനം എന്ന് കർത്താവ് തന്നെ പറഞ്ഞിട്ടുണ്ട്. ദൈവത്തെ ആരാധിക്കാൻ വരുമ്പോൾ ആത്മാവിന്റെ കൻമഷങ്ങളും മാറ്റേണ്ടതാണ്. ദേഹം, ദേഹി ആത്മാവ് എന്നീ 3 ഘടകങ്ങൾ ഒന്നിച്ച് ഒരുങ്ങി നമ്മെത്തന്നെ ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിച്ചുകൊണ്ടുള്ള ആരാധനയാണ് ദൈവം പ്രസാദിക്കുന്നത്.

പലരും ആരാധനയ്ക്ക് കർത്തൃമേശ ചിന്തകൾ പറയുവാൻ വചനം ധ്യാനിക്കുന്നത് ആരാധന സമയത്താണ്. അതു ഒരുക്കമുള്ള ആരാധനയുടെ ലക്ഷണമല്ല. സഹോദരീസഹോദരന്മാർ കർത്തൃമേശയോടുള്ള ബന്ധത്തിൽ ധ്യാനിച്ച് ചിന്തിച്ച് ഒരുങ്ങി വരണം. ചിന്തിച്ചു വരുന്നവർ എല്ലാവരും പറയണം എന്നില്ലല്ലോ. സഹോദരന്മാർ മാത്രമാണ് ചിന്തകൾ പറയുന്നതെങ്കിലും സഹോദരിമാർക്കും ചിന്തിച്ചു ഒരുങ്ങുവാൻ സാധിക്കും. അങ്ങനെ ദേഹം, ദേഹി ആത്മാവ് ഒരുക്കപ്പെട്ട് തുടർന്ന് കർത്തൃമേശ ചിന്തകൾ നിറഞ്ഞ മനസ്സുമായി ആഴ്ചവട്ടത്തിന്റെ ഒന്നാം ദിനം സഭ കടന്നു വന്നാൽ ആരാധന സജീവമാകും. ആരും ആരാധനയിൽ ഉറക്കം തൂങ്ങുകയില്ല. ആരാധനയ്ക്ക് ഇടയിൽ ഗ്യാപ്പ് ഉണ്ടാകയില്ല. ആർക്കും അന്യചിന്തകൾ മനസ്സിൽ കടന്നുവരികയില്ല. അങ്ങനെ കടന്നുവരാനുള്ള സമയവും ലഭിക്കയില്ല. അങ്ങനെ ആയിരുന്നെങ്കിൽ നമ്മുടെ ആരാധനകൾ എത്ര ആത്മനിയന്ത്രണത്തിലും സജീവമായും തീരുമായിരുന്നു. (തുടരും)

രിക്കുന്ന അഞ്ച് അന്താഴങ്ങളെക്കുറിച്ചുള്ള വിശദീകരണം ശ്രദ്ധയോടുകൂടി പഠിക്കുക. നടുവിലുള്ള അന്താഴം പലകകളുടെ ഒരറ്റം മുതൽ മറ്റെ അറ്റം വരെ ദൈർഘ്യമുള്ളതാണ്. മാത്രവുമല്ല ഈ അന്താഴം പലകകളുടെ ഉള്ളിൽ കൂടി കടന്നു പോകുന്നതുകൊണ്ട് ആർക്കും ബാഹ്യമായ കണ്ണു കൊണ്ട് കാണാൻ കഴിയുന്നതല്ല. ബാക്കി നാല് അന്താഴങ്ങളും പുറമേ കാണാവുന്നതാണ്. നടുവിലെ അന്താഴം കൊണ്ടുള്ള യോജിപ്പ് ഒരു രീതിയിലും ഇല്ലാതാക്കുവാൻ കഴിയുന്നതല്ല.

എഫെസ്യ ലേഖനത്തിൽ ഈ ഐക്യത്തെക്കുറിച്ച് വിശദീകരിക്കുന്നു. 4:3,12 വാക്യങ്ങളിൽ ആത്മാവിന്റെ ഐക്യത്തെക്കുറിച്ചും വിശ്വാസത്തിന്റെ ഐക്യത്തെക്കുറിച്ചുമാണല്ലോ അപ്പൊസ്തലൻ വിവരിക്കുന്നത്. നിശ്ചയമായും മാനുഷീകമായ ഐക്യത്തെക്കുറിച്ചല്ല ഇവിടെ സൂചിപ്പിക്കുന്നതെന്ന് വളരെ വ്യക്തം. 133-ാം സങ്കീർത്തനത്തിൽ ഇതാ സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നത് എത്ര മനോഹരം എന്നു കാണുന്നു. ഈ ഐക്യത്തെ അഹരോന്റെ താടിയിൽ നിന്നൊഴുകുന്ന തൈലത്തോടും ഹെർമ്മോന്യ മഞ്ഞിനോടുമാണ് ഉപമിച്ചിരിക്കുന്നത്. താടിയിൽ നിന്നൊഴുകുന്ന തൈലം ശരീരത്തിലെ വിവിധ ഭാഗങ്ങൾ സ്പർശിച്ച് പാദം വരെ എത്തുന്നുണ്ട്. യിസ്രായേൽ ഗോത്രങ്ങൾ പന്ത്രണ്ടും ഈ അഭിഷേക തൈലത്തിന്റെ പങ്കാളികളാണ്. പരിശുദ്ധാത്മ സ്നാനത്താൽ ദൈവസഭ യേശുക്രിസ്തുവിന്റെ ശരീരമായിത്തീരുന്നു. ശിരസിനെയും പാദത്തെയും ഒരു പോലെ സ്പർശിക്കുന്നതാണല്ലോ ആ അഭിഷേകതൈലം.

**സന്തോഷത്തിന്റെ പൂർണ്ണത**

"എന്റെ സന്തോഷം അവർക്ക് ഉള്ളിൽ പൂർണ്ണമാകേണ്ടതിന് ഇത് ലോകത്തിൽ വെച്ച് സംസാരിക്കുന്നു" (വാക്യം 13). മാളികമുറി പ്രഭാഷണത്തിൽ ആവർത്തിച്ചുവരുന്ന മൂന്നു വാക്കുകളാണ് സമാധാനം, സന്തോഷം, സ്നേഹം എന്നിവ. ലോകത്തിലുണ്ടാകാൻ പോകുന്ന പീഢനങ്ങളെക്കുറിച്ചും എതിർപ്പുകളെക്കുറിച്ചും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ ഈ എതിർപ്പിന്റെ ശക്തികളെ അതിജീവിക്കുന്നതാണല്ലോ ക്രിസ്തീയ ജീവിതത്തിലെ സന്തോഷം. ഈ സന്തോഷം പരിതസ്ഥിതികളെ ആശ്രയിച്ചല്ല ഇരിക്കുന്നത്. ലോകത്തിനോ സാത്താനോ നശിപ്പിക്കുവാൻ കഴിയാത്ത ഒരു സന്തോഷമാണ് നമുക്കുള്ളത്. യേശുക്രിസ്തുവിനെ സംബന്ധിച്ച് നാം വായിക്കുന്നത് "തന്റെ മുമ്പിൽ വെച്ചിരിക്കുന്ന സന്തോഷം ഓർത്ത് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിച്ചു" എന്നാണല്ലോ? കാരാഗൃഹത്തിൽ കിടന്നുകൊണ്ട് എഴുതുന്ന ഫിലിപ്പ്യ ലേഖനത്തിൽ ഈ സന്തോഷത്തിന്റെ വേലിയേറ്റം തന്നെ നമുക്കു ദർശിക്കാൻ കഴിയും. സന്തോഷം എന്ന വാക്കു തന്നെ വിവിധ രൂപത്തിൽ 16 പ്രാവശ്യം ആവർത്തിച്ചു വരുന്നുണ്ട്. സങ്കീ 89:15 -ൽ വാക്യത്തിൽ ജയഘോഷം അറിയുന്ന ജനത്തിനു ഭാഗ്യം എന്നാണ് കാണുന്നത്. അതുപോലെ രക്ഷിക്കപ്പെടുന്ന ഒരു പാപിയെ ചൊല്ലി ദൂതന്മാരുടെ മദ്ധ്യത്തിൽ പോലും സന്തോഷമുണ്ടല്ലോ (ലൂക്കൊസ് 15:10). "അതുകൊണ്ട് നിങ്ങൾ സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽ നിന്ന് വെള്ളം കോരും" (യെശ.12:3). ഭൂമിയുടെ സൃഷ്ടിയിൽ ദൈവപുത്രന്മാരെല്ലാം സന്തോഷിച്ചാർത്തു (ഇയ്യോബ് 38:7). സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും. ഉഷസ്സിലോ ആനന്ദഘോഷം വരുന്നു (സങ്കീ. 30:5). കണ്ണുനീരോടെ വിതെയ്ക്കുന്നവൻ ആർപ്പോടെ കൊയ്യും (സങ്കീ.126:5). നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വലത്തുഭാഗത്ത് എന്നും പ്രമോദങ്ങളുമുണ്ട് (സങ്കീ.16:11). തിരുവചനത്തിലെ സന്തോഷത്തിന്റെ വിവിധ സ്ഥായിഭാവങ്ങളാണ് ഈ വാക്യങ്ങളിൽ കാണാൻ കഴിയുന്നത്.

ശിഷ്യന്മാർക്ക് വേണ്ടിയുള്ള പ്രാർത്ഥനയിലെ മറ്റൊരു വിഷയം നമുക്കു നോക്കാം. "*സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ. . . അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന് ഞാൻ അവർക്കു വേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു*" (യോഹ. 17:17-19). അശുദ്ധി നിറഞ്ഞ സാത്താൻ അധിവസിക്കുന്ന ഈ ലോകത്തിൽ വിശുദ്ധീകരണം എളുപ്പമല്ല. വിശുദ്ധീകരണത്തിനുള്ള മാദ്ധ്യമം അവന്റെ വചനമാണ്. ദൈവത്തിനു വേണ്ടി പൂർണ്ണമായി വേർതിരിച്ച് വിശുദ്ധീകരണത്തിന്റെ ഉന്നതമായ മാതൃക കാണിച്ചുതന്ന വ്യക്തി യേശുക്രിസ്തു തന്നെ.

അഹരോന്റെ വസ്ത്രത്തെക്കുറിച്ചുള്ള വിവരണത്തിൽ തങ്കം കൊണ്ട് ഒരു പട്ടമുണ്ടാക്കി അതിൽ "യഹോവയ്ക്കു വിശുദ്ധം" എന്ന് മുദ്ര കൊത്തായി കൊത്തേണം. അത് മുടിയിൽ ഇരിക്കേണ്ടതാണ്. അഹരോൻ ദൈവശുശ്രൂഷയ്ക്കായി വേർതിരിക്കപ്പെട്ടവനാണല്ലോ. വിശുദ്ധിയുടെ വസ്ത്രങ്ങളും അവൻ ധരിക്കേണം. വിശുദ്ധീകരണം എന്ന വാക്കിന്റെ ശരിയായ അർത്ഥം ദൈവത്തിനു വേണ്ടി വേർതിരിക്കപ്പെട്ടത് എന്നാണ്. ദൈവത്തിന്റെ വിശുദ്ധിക്ക് എതിരായുള്ള എല്ലാക്കാര്യങ്ങളിൽ നിന്നും ഒരുവൻ വേർതിരിക്കപ്പെട്ടവനായിരിക്കണം. പുതിയനിയമത്തിൽ വിശുദ്ധീകരണത്തിന് നാല്

വ്യത്യസ്ത അവസ്ഥകളുണ്ട്.

1. പ്രാഥമിക വിശുദ്ധീകരണം (എഫെ.1:4; 1 പത്രൊസ് 1:2).

2. സ്ഥാനീയ വിശുദ്ധീകരണം (1 കൊരി. 6:11) രക്ഷിക്കപ്പെടുമ്പോൾ ജീവിതത്തിൽ സംഭവിക്കുന്നു.

3. പുരോഗമനാത്മക വിശുദ്ധീകരണം അഥവാ പ്രായോഗിക വിശുദ്ധീകരണം (യോഹ. 17:17; 2 കൊരി. 3:18; എഫെ. 5:25,26).

4. സമ്പൂർണ്ണ വിശുദ്ധീകരണം (എഫെ. 5:27; യോഹ. 3:2; 13:23). ഇത് ഉൽപ്രാപണത്തോടു കൂടി നടക്കുന്നു.

ദൈവത്തിന്റെ ദൃഷ്ടിയിൽ നാം രക്ഷിക്കപ്പെടുന്ന സമയം തന്നെ ദൈവത്തിനായി വേർതിരിക്കപ്പെട്ടവരാണ്. എന്നാൽ ഒരു വിശ്വാസിയുടെ ജീവിതത്തിൽ അവൻ ഈ ഭൂമിയിൽ ജീവിക്കുന്നിടത്തോളം തുടർച്ചയായി തന്റെ ജീവിതത്തിൽ കൈവരേണ്ട ഒരു അനുഭവവുമാണ് വിശുദ്ധീകരണം. വിശുദ്ധീകരണത്തിൽ നമ്മെ സഹായിക്കുന്ന പ്രധാന ഘടകം തിരുവചനമാണ്. സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ. നിന്റെ വചനം സത്യമാകുന്നു. നമ്മുടെ സ്വന്തമായ വിശുദ്ധീകരണ മാർഗ്ഗങ്ങൾ പലതും പരാജയപ്പെട്ടു എന്നുവരാം. എന്നാൽ ദൈവവചനത്താൽ ഉള്ള ശുദ്ധീകരണം യാഥാർത്ഥ്യവും നിലനിൽക്കുന്നതുമാണ്. "ബാലൻ നടപ്പിനെ നിർമ്മലമാക്കുന്നതെങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ" (സങ്കീ.119:9). ക്രിസ്തു സഭയെ വിശുദ്ധീകരിക്കുന്ന രീതി ശ്രദ്ധിക്കുക. "അവൻ അവളെ വചനത്തോടു കൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്" (എഫെ. 5:25,26). വീണ്ടെടുക്കപ്പെട്ട ദൈവ പൈതൽ വചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ തന്റെ കുറവുകളും ബലഹീനതകളും ഗ്രഹിക്കാൻ കഴിയുകയും ക്രമേണ അവയൊക്കെ പരിഹരിക്കപ്പെട്ട് ഓരോ ദിവസം കഴിയുന്തോറും യേശുക്രിസ്തുവിനോട് അനുരൂപരാകുവാൻ സാധിക്കുകയും ചെയ്യുന്നു. പഴയ മനുഷ്യനും പഴയ സ്വഭാവവും ഈ ഭൂമിയിൽ ജീവിക്കുന്നിടത്തോളം ഉണ്ടായിരിക്കുകയും ചെയ്യും. എന്നാൽ നമ്മിലുള്ള പരിശുദ്ധാത്മാവും പുതിയ സ്വഭാവവും വിജയജീവിതത്തിലേക്ക് നമ്മെ ആനയിക്കും. അങ്ങനെ നമ്മുടെ ജീവിതത്തെ പൂർണ്ണമായി സമർപ്പിക്കുന്നതോടുകൂടി നാം പൂർണ്ണ ജയാളികളാകുന്നു.

ഒടുവിൽ യേശുക്രിസ്തുവിന്റെ വരവിൽ നമ്മുടെ വിശുദ്ധീകരണം അതിന്റെ പൂർണ്ണതയിൽ എത്തിച്ചേരും. നാം അവനെപ്പോലെ അവന് സദൃശന്മാരായി തീരും. തേജസ്ക്കരിക്കപ്പെട്ട ശരീരം ലഭിച്ചു കഴിഞ്ഞാൽ പാപം ചെയ്യാൻ സാധിക്കാത്ത അവസ്ഥാവിശേഷത്തിലേക്ക് എത്തിച്ചേരും. ഈ ഭൂമിയിൽ വെച്ച് ഈ സ്ഥിതി ഒരിക്കലും ലഭിക്കയുമില്ല (1 യോഹ. 3:2). നമ്മുടെ രക്ഷയുടെ പൂർത്തീകരണവും ഇവിടെ നടക്കും. ദൈവത്തിന്റെ കാര്യപരിപാടിയുടെ മഹത്വം എത്ര അവർണ്ണനീയം. (തുടരും)

---

## കൺവൻഷൻ / ക്യാമ്പ്

**107-മത് ബ്രദറൺ ജനറൽ കൺവൻഷൻ കുമ്പനാട് : സ്ഥലം** : കൺവൻഷൻ ഗ്രൗണ്ടിൽ തയ്യാറാക്കുന്ന പന്തൽ. **സമയം** : 2009 ഡിസം.27 ഞായർ മുതൽ 2010 ജനു. 3 ഞായർ വരെ. **പ്രസംഗകർ :** എം.എം. സ്കറിയാ, ഡോ. ഒ. എം. ശമുവേൽ, ഡോ. ജോസഫ് മഥുരം, തോംസൺ ബി. തോമസ്, ജോസ് മാങ്കുടി, അൽബർട്ട് സുനിൽ, വർഗീസ് കെ. കുര്യൻ. കുമ്പനാടും സമീപപ്രദേശങ്ങളിലുമുള്ള 125 സഭകളുടെ സഹകരണത്തിൽ നടക്കുന്ന ഈ കൺവൻഷന്റെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിച്ചാലും. കൺവീനർ.

**പത്തനംതിട്ട കൺവൻഷൻ 2009 : സ്ഥലം** : സുവിശേഷാലയം പത്തനംതിട്ട. **സമയം** : 2009 ഡിസം.20 – 27 വരെ.**പ്രസംഗകർ :** ഡോ. ഒ. എം. ശാമുവേൽ, തോംസൺ ബി. തോമസ്, പി. ജെ ജയിംസ് (ബഹറിൻ), വർഗീസ് കെ കുര്യൻ. അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സംബന്ധിക്കുകയും ചെയ്യണമേ. എം. റ്റി. ജോർജ് സെക്രട്ടറി.

**പരിയാരം (ഇലന്തൂർ) :** ബ്രദറൺ സഭയുടെ ചുമതലയിൽ നവം. 20–22വരെ ഇലന്തൂർ പഞ്ചായത്ത് സ്റ്റേഡിയത്തിൽ (നെടുവേലിമുക്ക്) നടക്കുന്ന കൺവൻഷനിൽ ജോസ് മാങ്കുടി, ബിനു ശമുവേൽ എന്നിവർ പ്രസംഗകരായിരിക്കും. ദൈവജനങ്ങളുടെ പ്രാർത്ഥനയും സാന്നിദ്ധ്യവും ക്ഷണിച്ചു കൊള്ളുന്നു. സഭയ്ക്കുവേണ്ടി, കെ. എ. ജോർജ്ജ്, റ്റി. ജെ. തോമസ്.

**ബ്രദറൺ കൺവൻഷൻ, ഷാർജ :** ഷാർജ ബ്രദറൺ അസംബ്ലി, ക്രമീകരിക്കുന്ന സുവിശേഷ യോഗങ്ങളിലേക്ക് ഏവരുടേയും പ്രാർത്ഥനാ പൂർവ്വമായ സാന്നിദ്ധ്യം സ്വാഗതം ചെയ്തുകൊള്ളുന്നു. സ്ഥലം : യൂണിയൻ ചർച്ച് ഷാർജ (ഹാൾ നമ്പർ -11), സമയം : ഒക്ടോ. 8-10വരെ എല്ലാ ദിവസവും രാത്രി 8 മുതൽ 10 വരെ. പ്രസംഗകൻ : സുവി. തോംസൺ ബി തോമസ് (മുംബൈ).

**കോട്ടയം :** കെ.ഇ.എം. ഫണ്ടിന്റെ ചുമതലയിലും ഭോപ്പാൽ സഭയുടെ സഹകരണത്തിലും Bhopal Pastoral Centre ൽ വെച്ച് 2009 നവം. 12 – 15 വരെ വടക്കേ ഇന്ത്യയിലെ സുവിശേഷകന്മാർക്കായി ഒരു പ്രത്യേക കോൺഫ്രൻസ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സംബന്ധിക്കേണ്ട സുവിശേഷകന്മാർക്ക് ക്ഷണക്കത്തുകൾ അയയ്ക്കുന്നതായിരിക്കും. 250 പേർക്ക് പ്രവേശനം ഉണ്ടായിരിക്കും. സുവിശേഷകന്മാർ തമ്മിലുള്ള സഹകരണത്തിനും വേലയുടെ പുരോഗതിയും ലക്ഷ്യമാക്കി നടത്തുന്ന ഈ കോൺഫ്രൻസിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചാലും എന്ന് കെ.പോൾ തോമസ് സെക്രട്ടറി.

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം- 22

ജേക്കബ് തോമസ്, മാവേലിക്കര

## XXII. രണ്ടു പ്രധാന മുന്നറിയിപ്പുകൾ (1 തിമൊ. 6:17-22)

കർത്താവായ യേശുക്രിസ്തുവിന്റെ നല്ലഭടനായി വിശ്വാസത്തിന്റെ വേല ചെയ്യുന്ന തിമൊഥെയൊസിന് ആവശ്യമായ പ്രബോധ നങ്ങളാണ് ഈ ലേഖനത്തിൽ കാണുന്നത്, പൗലൊസിന്റെ വിശ്വാസത്തിൽ നിജപുത്രനായ തിമൊഥെയൊസിന് ഒരാത്മീയ പിതാവെന്ന നിലയിൽ നൽകുന്ന നിർദ്ദേശങ്ങളും പ്രബോധനങ്ങളും ആത്മീയ കുട്ടായ്മയോടും കർത്തൃവേലയോടുമുള്ള നല്ല സമീപനത്തിന്റെ ഉത്തമ മാതൃകകളാണ്. ഈ ലേഖനത്തിന്റെ ഒന്നാം അദ്ധ്യായത്തിൽ ന്യായപ്രമാണത്തിന്റെ ശരിയായ അർത്ഥത്തെക്കുറിച്ചും, പൗലൊസിനെ ഏത് അവസ്ഥയിൽ നിന്ന് ദൈവം വിളിച്ചതിനെക്കുറിച്ചും, നല്ല മനസാക്ഷി യുപേക്ഷിച്ച് വിശ്വാസ കപ്പൽ തകർന്നവരുടെ അവസ്ഥയെക്കുറിച്ചും രേഖപ്പെടുത്തുന്നു. രണ്ടാം അദ്ധ്യായത്തിൽ സഭാജീവിതത്തിൽ പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ചും, സ്ത്രീകൾക്ക് സഭയിലുണ്ടായിരിക്കേണ്ട അച്ചടക്കത്തെക്കുറിച്ചും വിവരിക്കുന്നു. മൂന്നാം അദ്ധ്യായത്തിൽ സഭയുടെ നേതൃത്വത്തിന്റെ യോഗ്യതകളെക്കുറിച്ചും ദൈവഭക്തിയുടെ മർമ്മമായ ക്രിസ്തുവിനെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്. നാലാം അദ്ധ്യായത്തിൽ ദുരുപദേശത്താൽ ചൂടുപിടിച്ചവരായി ദൈവവ്യവസ്ഥകളെ ലംഘിക്കുന്നവരെ ക്കുറിച്ചും, യൗവ്വനത്തെ തുച്ഛീകരിക്കാതെ ദൈവീക ശുശ്രൂഷയിൽ അഭിവൃദ്ധിപ്പെടാനുള്ള ആഹ്വാനവുമാണ്. അഞ്ചാം അദ്ധ്യായത്തിൽ സഭയെ ഒരു കുടുംബമായി ചിത്രീകരിച്ചിട്ട്, വിധവമാരുടെ പരിപാല നത്തെക്കുറിച്ച് നിർദ്ദേശിക്കുന്നു, തുടർന്നുള്ള ഭാഗം നിഷ്പക്ഷമായ ശിക്ഷണനടപടികളുടെ കാര്യങ്ങളാണ്. ആറാം അദ്ധ്യായത്തിൽ ദ്രവ്യാഗ്രഹമില്ലാത്ത ദൈവഭക്തിയോടുകൂടിയ ജീവിതത്തെക്കുറിച്ചും, തിമൊഥെയൊസിന്റെ കൃത്യനിർവ്വഹണത്തെക്കുറിച്ചും ഓർപ്പിക്കുന്നു.

### 1. ശാശ്വതമല്ലാത്ത ധനത്തോടുള്ള സമീപനം (1 തിമൊ. 6:17-19)

ഈ ഭാഗത്ത് പൗലൊസ് മുമ്പ് പരാമർശിച്ച ധനവാന്മാരെക്കുറിച്ചല്ല താൻ പറയുന്നത് എന്ന് വ്യക്തമാണ്; കാരണം, ഇവിടെ പറയപ്പെടുന്ന ധനവാന്മാരോട് ആജ്ഞാപിക്ക എന്ന് പൗലൊസ് പറയുമ്പോൾ അത് സഭയിലുള്ള വ്യക്തികളെ ഉദ്ദേശിച്ചാണ് പറഞ്ഞിരിക്കുന്നത് എന്നത് വ്യക്തമാണ്. അവർ ഉന്നതഭാവം കൂടാതെയിരിക്കണം; അത് മറ്റ് സഹവിശ്വാസികളോടുള്ള പെരുമാറ്റത്തെ ബാധിക്കുന്നു. ഈ ഉന്നതഭാവം സഭയിലുള്ള സാധാരണ വിശ്വാസികളെ പ്രയാസ പ്പെടുത്തുന്നു എന്നുമാത്രമല്ല, അത് അവർക്ക് തന്നെ വളരെ ദോഷകരമായ പ്രവണ തയായിത്തീരുന്നു. ധനികരായ വിശ്വാസികളും സഭയുടെ ഭാഗമാണ്. അവർക്ക് അവരുടെ മാതൃകാപരമായ പങ്കാളിത്വത്തിന് ഉന്നതഭാവം വളരെ ദോഷം ചെയ്യും. മാത്രമല്ല ഈ മനോഭാവം മറ്റ് വിശ്വസികളിൽ വിദ്വേഷത്തിന്റെയും അതൃപ്തിയുടേയും വിത്ത് വിതറുന്നു. യാക്കോബ് പറയുന്നത് ശ്രദ്ധി ക്കുക: "പ്രീയ സഹോദരന്മാരേ, കേൾപ്പിൻ ദൈവം ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളുമാകേണ്ടതിന് തിരഞ്ഞെടുത്തില്ലയോ" (യാക്കോബ് 2.5).

തുടർന്ന് പൗലൊസ് ധനികരായ വിശ്വാസികൾ ധനത്തോട് ഏത് നിലയിൽ പ്രതികരിക്കണമെന്ന് നിർദ്ദേശിക്കുന്നു. സ്ഥിരതയില്ലാത്ത ഒന്നാണ് ധനം; ഇന്ന് ധനികനായി ജീവിക്കുന്നവൻ നാളെ ദരിദ്രനായെന്ന് വരാം; വളരെ ധനികരായ ചില കുടുംബങ്ങൾ ദരിദ്രരായിത്തീരുന്നത്, അഷ്ടിക്ക് വകയില്ലാത്തവരാകുന്നത് നാം കാണുമ്പോൾ ഓർക്കുക, ധനം നിശ്ചയമില്ലാത്തതാണ്. എന്നാൽ പൗലൊസ് പറയുന്നത്, അവർ ദൈവത്തിൽ ആശവെയ്ക്കാൻ പഠിക്കണം, മാത്രമല്ല, ഈ സ്ഥിരതയില്ലാത്ത ധനത്തെ നിശ്ചയമുള്ള പല കാര്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയും. ധനം ഒരു ബാദ്ധ്യതയല്ല, ഒരു ആനുകുല്യമാണ്, അനേകർക്ക് നന്മ ചെയ്യുവാനുള്ള അവസര മാണ്. അത് മറ്റുള്ളവരെ താറടിക്കാനും, പരിഹസിക്കാനും അവസരമാക്കരുത്. സൽപ്രവൃത്തികളിൽ സമ്പന്നരാകാൻ അവർ ശ്രമിക്കണം. അടിസ്ഥാനമില്ലാത്ത ധനം കൊണ്ട് സ്വർഗ്ഗത്തിലടിസ്ഥാനമുണ്ടാക്കാൻ നമുക്ക് കഴിയും. നമുക്ക് സ്വർഗ്ഗത്തിൽ ധനം കൊണ്ടുപോകാൻ കഴിയില്ല, എന്നാൽ ആ ധനം നാം ദൈവകാര്യത്തിനായി ഉപ യോഗിക്കുമ്പോൾ അത് സ്വർഗ്ഗത്തിൽ നമുക്ക് നിക്ഷേപമായിത്തീരുന്നു.

ചിലർ ദൈവകാര്യത്തിനായി പണം ചിലവാക്കുന്നത് വലിയ ഭോഷത്വവും ഫലമില്ലായ്മയുമായിക്കാണുന്നു. എന്നാൽ ലോകപരമായ കാര്യത്തിന് വേണ്ടി എന്തും ചെയ്യാൻ അവർ മടിക്കില്ല. അങ്ങനെയുള്ളവരെ ലോകക്കാർപോലും പരിഹസിക്കും; അർത്ഥാൽ അവർക്കിവിടെയുമില്ല

സ്വർഗ്ഗത്തിലുമില്ല പ്രതിഫലം. അങ്ങനെയുള്ളവർ സാക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളുന്നവരാ ണെന്ന് തെളിയിക്കുന്നവരല്ല. പൊതുജനാഭിപ്രായ വും, സ്വാധീനവും നോക്കിയല്ല സ്വർഗ്ഗത്തിലെ രാജാവ് ന്യായംവിധിക്കുന്നത്. ലഭിക്കുന്ന ധനവും, സമയവും സാഹചര്യങ്ങളും കർത്താവിന് വേണ്ടി ഉപയോഗിക്കുമ്പോൾ, അനേക ജീവിതങ്ങൾ അനുഗ്രഹിക്കപ്പെടുന്നു, ആത്മാക്കൾ രക്ഷിക്കപ്പെ ടുന്നു, ദൈവനാമം മഹത്വപ്പെടുന്നു. ഓരോ വ്യക്തിയുടെയും കാഴ്ച്ചപ്പാടുകൾ തന്റെ ജീവിത ത്തിലൂടെയും, ധനവിനിയോഗത്തിലൂടെയും വെളിവാകുന്നു. പൗലൊസിന്റെ ഈ ആജ്ഞ അന്നത്തെക്കാൾ എത്രയോ പ്രസക്തമാണ് ഇന്ന്. ദൈവത്തിനായി ജീവിതവും കഴിവുകളും സമർ പ്പിക്കുമ്പോൾ ദൈവം നമ്മിൽ പ്രവർത്തിക്കാ നാരംഭിക്കും.

**2. ലോകജ്ഞാനത്തോടുള്ള സമീപനം (1 തിമൊ. 6:20–22)**

തിമൊഥെയൊസിനെ ഭരമേൽപ്പിച്ചിട്ടുള്ള ഉപനിധി എന്നത് പൗലൊസിൽ നിന്നും തനിക്കു ലഭിച്ച പത്ഥ്യവചനമാണ് (2 തിമൊ. 1:13,14). വിലയേറിയ ദൈവിക സത്യങ്ങൾ സംരക്ഷിക്കുക എന്ന ദൗത്യം ഇവിടെ തിമൊഥെയൊസിനു ലഭിക്കുകയാണ്. ആ ദൗത്യം ഒരു പടയാളിയെ ഭരമേൽപിക്കുന്ന നിധിക്ക് തുല്യമാണ്. ദൈവിക സത്യങ്ങൾ ശരിക്ക് ഗ്രഹിക്കുമ്പോൾ അതിനെ നശിപ്പിക്കുവാൻ ശ്രമിക്കുന്ന ദുരൂപദേശ പ്രവണ തകൾക്കെതിരെ ദൃഢമായ നിലപാട് കൈകൊള്ളു വാൻ തിമൊഥെയൊസിനു കഴിയും. ജ്ഞാനം എന്ന് വ്യാജമായി പേർ പറയുന്ന ദുരൂപദേശം ജ്ഞാനതത്വവാദം (Gnostic heresy) ആണ്. ആദ്യത്തെ രണ്ടു നൂറ്റണ്ടുകളിൽ സഭയ്ക്ക് ഏറ്റവും വലിയ വെല്ലുവിളിയുയർത്തിയ ഒന്നാണ് ഈ ദുരുപദേശം. അതിന്റെ പേരുപോലെതന്നെ ജ്ഞാനത്തിലൂടെയാണ് രക്ഷയെന്ന് വിശ്വസിച്ചവ രാണ് ജ്ഞാനതത്വവാദികൾ. അവരുടെ അടി സ്ഥാന വിശ്വാസം ഇപ്രകാരമാണ്: ആത്മാവ് തികച്ചും നല്ലതാണ് എന്നാൽ ശരീരമുൾപടെയുള്ള ഭൗതിക കാര്യങ്ങൾ ദോഷമുള്ളതാണ്; അവ രണ്ടും നിരന്തരം വിരുദ്ധമായി നിലനിൽക്കുന്ന ഘടക ങ്ങളാണ്. അതുകൊണ്ട് ദൈവത്തി നൊരിക്കലും മനുഷ്യനാകാൻ കഴിയില്ലെന്നവർ പ്രചരിപ്പിച്ചു. അങ്ങനെ ക്രിസ്തുവിനെ സംബ ന്ധിച്ചുള്ള മറ്റനേകം ദുരുപദേശങ്ങക്ക് ജ്ഞാന തത്വവാദം വഴിതെളിച്ചിട്ടുണ്ട്. അത് കൂടാതെ രക്ഷയോടുള്ള ബന്ധത്തിലും ക്രിസ്തുവിലുള്ള വിശ്വാസത്താലല്ല മറിച്ച് ജ്ഞാനത്തിലൂടെ രക്ഷ നേടിയെടു ക്കാമെന്നവർ വാദിച്ചു. ഈ ദുരൂപദേശം മനുഷ്യനെ വലിയ ധാർമ്മികാരാജകത്വത്തി ലേക്ക് തള്ളിവിട്ടുവെന്നും ചരിത്രകാരന്മാർ നമ്മെ ഓർമ്മിപ്പിക്കുന്നു. ജ്ഞാനത്തിലധി ഷ്ഠിതമായ സന്യാസജീവിതം നയിച്ചവരുമുണ്ട്.

എന്നാൽ ഈ ജ്ഞാനമാർഗ്ഗം ക്രിസ്തീയ വിശ്വാസത്തിന് അപകടമായി തീർന്നപ്പോൾ, പൗലൊസ്, യോഹന്നാൻ തുടങ്ങിയുള്ള അപ്പൊ സ്തലന്മാർ അവരെ ഫലപ്രദമായി പ്രതിരോധിച്ചു. പൗലൊസിന്റെ കാലത്തുള്ള ഈ ദുരൂപദേശത്തെ നിഷ്പ്രഭമാക്കുവാൻ പൗലൊസ് തിരഞ്ഞെടുത്തി രിക്കുന്ന വാക്കുകൾ വളരെ ശ്രദ്ധേയമാണ്. ഈ നിലയിലുള്ള ദുരൂപദേശങ്ങൾ യഥാർത്ഥ ജ്ഞാന മല്ല, അത് വ്യാജമാണ്; അത് ഭക്തിക്ക് ഒരുനില യിലും പ്രയോജനപ്രദമല്ല. അത് കേവലം വ്യർഥാലാ പത്തിന് മാത്രം ഉപകരിക്കുന്നു. അത് തർക്കങ്ങ ളിലേക്ക് മാത്രം നയിക്കുന്നു. ഈ വ്യാജ ജ്ഞാന ത്തിന് പിന്നാലെ പോകുന്നവർ വിശ്വാസം വിട്ട് തെറ്റിപ്പോകുന്നു, ദൈവവചനത്തിന് സ്ഥാനം കൊടുക്കാതെ ലോക ജ്ഞാനത്തിന് സ്ഥാനം കൊടുക്കുവാൻ ഇടയാകരുത്.

പൗലൊസ് ഈ ലേഖനം അവസാനിപ്പിക്കു ന്നത് ദൈവകൃപയിൽ ഭരമേല്പ്പിച്ചാണ്. ഇന്ന് നമുക്കും അത് തന്നെയാണ് ആവശ്യം. ദൈവ കൃപയിൽ ആശ്രയിച്ച് കർത്താവിനായി ജീവിക്കു കയും പ്രവർത്തിക്കുകയും ചെയ്യാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ. **(അവസാനിച്ചു)**

---

**11–ാം പേജിൽ നിന്നും തുടർച്ച**

ശേഷമുള്ള കാര്യങ്ങൾ വിശദമായി നമുക്കു രേഖപ്പെടുത്തി കിട്ടിയിട്ടില്ല എന്നു പറയേണ്ടി യിരിക്കുന്നു. എന്നാൽ ഒരു കാര്യം വ്യക്തമാണ്. സ്വർഗ്ഗം ചലനാത്മകമാണ് എപ്പോഴും. പുത്രനാം ദൈവത്തോടൊന്നിച്ചു കാന്തയാകുന്ന സഭയ്ക്കും തുടർന്നുള്ള കാര്യപരിപാടികളിലെല്ലാം സജീവ മായ പങ്കുണ്ടായിരിക്കുമെന്നു നമുക്ക് ന്യായമായി ഊഹിക്കുവാൻ കഴിയും.

“ധന്യനായ ഏകാധിപതിയും രാജാധി രാജാ വും കർത്താധികർത്താവും താൻ മാത്രം അമർ ത്യതയുള്ളവനും അടുത്തു കൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്ത വനും കാണുവാൻ കഴിയാത്തവനുമാ യവൻ തക്ക സമയത്തു ആ പ്രത്യക്ഷത വരുത്തും. അവനു ബഹുമാനവും നിത്യബലവും ഉണ്ടാകട്ടെ. ആമേൻ (1 Tim.6:15-16).

# ദാവീദേ ഞങ്ങൾ നിനക്കുള്ളവർ

ജോർജജ് സി. വർഗീസ്, പട്ടം

"ചില ബന്യാമീന്യരും യെഹൂദ്യരും ദുർഗ്ഗത്തിൽ ദാവീദിന്റെ അടുക്കൽ വന്നു. ദാവീദ് അവരെ എതിരേറ്റു ചെന്ന് അവരോടു നിങ്ങൾ എന്നെ സഹായിപ്പാൻ സമാധനത്തോടെ വന്നിരിക്കുന്നു എങ്കിൽ എന്റെ ഹൃദയം നിങ്ങളോട് ചേർന്നരിക്കും എന്റെ കയ്യിൽ അന്യായം ഒന്നും ഇല്ലാതിരിക്കെ എന്റെ ശത്രുക്കൾക്ക് എന്നെ കാണിച്ചു കൊടുപ്പാനെങ്കിലോ, നമ്മുടെ പിതാക്കന്മാരുടെ ദൈവം നോക്കി ശിക്ഷിക്കട്ടെ എന്നു പറഞ്ഞു. അപ്പോൾ 30 പേരിൽ തലവനായ അമാസായിയുടെ മേൽ ആത്മാവു വന്നു : ദാവീദേ ഞങ്ങൾ നിനക്കുള്ളവർ, യിശ്ശായപുത്രാ നിന്റെ പക്ഷക്കാർ തന്നേ; സമാധാനം, നിനക്കു സമാധാനം, നിന്റെ തുണയാളികൾക്ക് സമാധാനം; നിന്റെ ദൈവമല്ലോ നിന്നെ തുണക്കുന്നത് എന്ന് അവൻ പറഞ്ഞു: ദാവീദ് അവരെ കൈകൊണ്ട് പടകൂട്ടത്തിന്റെ തലവന്മാരാക്കി (1 ദിന:12:17–18)

**ദാവീദ് ദുർഗ്ഗത്തിൽ :** ദാവീദ് ശൗലിനേയും തന്റെ ശത്രുക്കളേയും ഭയന്ന് സിക്ളാഗിൽ ദുർഗ്ഗത്തിൽ വസിക്കയാണ്. അപ്പോഴാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വിധത്തിൽ അമാസായിയും, അവന്റെ ആളുകളും അവനെ എതിരേറ്റു ചെന്ന് അവനോട് തങ്ങളുടെ മനോഗതം അറിയിക്കുന്നത്. അമാസായിയുടെ മേൽ ഉദ്ധരിച്ചിരിക്കുന്ന വാക്കുകൾ ശ്രദ്ധേയമാണ്.

യുദ്ധത്തിൽ മുറിവേറ്റ ഒരു ഫ്രഞ്ചു പടയാളിയുടെ വാക്കുൾ ഉദ്ധരിച്ചിരിക്കുന്നത് കണ്ടത് ഈ തരുണത്തിൽ വളരെ ശ്രദ്ധേയമാണ്. നെപ്പോളിയന്റെ സൈന്യവുമായുള്ള ഏറ്റുമുട്ടലിൽ ഈ പടയാളി കഠിനമായി മുറിവേറ്റു. മിലട്ടറി ആശുപത്രിയിലെ ഡോക്ടർമാർ ഈ പടയാളിയെ അടിയന്തരമായി ഒരു ശസ്ത്രക്രിയയ്ക്ക് വിധേയനാക്കുവാൻ തീരുമാനിച്ചു ഓപ്പറേഷൻ ടേബിളിൽ കിടത്തിയിരിക്കുയാണ്. ഇന്നത്തെപ്പോലെ രോഗിയെ മയക്കുന്ന അനസ്തീഷ്യ (anaesthesia) നിലവിലുള്ള കാലമല്ല അന്ന്. വെടിയുണ്ട നെഞ്ചിൽ കുടിങ്ങിയിട്ടുണ്ടോ എന്ന് ഡോക്ടർ മുറിവിൽ കൂടി പരിശോധിച്ചു കൊണ്ടരിക്കുമ്പോൾ ഈ മുറിവേറ്റ പട്ടാളക്കാരൻ പറയുകയാണ് "probe a little deeper Doctor and you will find the Emperor" അല്ലയോ, ഡോക്ടറേ, മുറിവിൽ കുറെ കൂടെ ആഴത്തിൽ പരിശോധിക്കുക, അവിടെ എന്റെ ഹൃദയത്തിൽ കുടിഇരിക്കുന്ന ചക്രവർത്തിയെ കാണാം.

പ്രീയരേ, ഇന്നു നമ്മുടെ ഹൃദയങ്ങളെ പരിശോധിച്ചാൽ നമ്മുടെ ഹൃദയങ്ങളുടെ ഉള്ളറയിൽ കുടിയിരിക്കുന്നത്, അവരോധിച്ചിരിക്കുന്നത് നമ്മുടെ രാജാധിരാജനാണോ, അതോ മാമ്മോനാണോ? കർത്താവു നമ്മെ ശോധന ചെയ്യട്ടെ. സങ്കീർത്തനക്കാരനോടു ചേർന്ന് നമുക്ക് കർത്താവിനോടാവശ്യപ്പെടാം. "എന്റെഅന്തരംഗവും എന്റെ ഹൃദയവും പരിശോധിക്കേണമേ" (സങ്കീ. 26:2). Yes, there He is seated, the king of king and the Lord of Lord - അതേ രാജാധി രാജാവും, കർത്താധി കർത്താവുമായ യേശുക്രിസ്തു അവിടെ ഉപവിഷ്ടനായി നിറഞ്ഞുനിൽക്കുന്നതായി കാണപ്പെടട്ടെ. അതായിരിക്കട്ടെ പരിശോധനാ ഫലം.

വേറൊരു കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടത് ഇപ്രകാരമാണ്. ബ്രിട്ടീഷ് സാമ്രാജ്യത്തിലെ രാജ്ഞിയായി വളരെ ചെറുപ്പത്തിൽ തന്നെ എലിസബത്തിനെ വാഴിക്കയുണ്ടായി. ആ സമയം അവളുടെ വല്യമ്മച്ചി ക്യൂൻ മേരി (Queen Mary) അവൾക്ക് തന്റെ കൈപ്പടയിൽ എഴുതി ഒപ്പിട്ട ഒരു കത്ത് കൊടുത്തു വിട്ടു. അതിപ്രകാരമായിരുന്നു. "your loving grand mother and devoted subject" നിനക്ക് വിധേയയായ, വിധേയത്വം ഉറപ്പു നൽകുന്ന നിന്റെ വല്ല്യമ്മച്ചി മോളേ, നീ എന്റെ കൊച്ചുമകളാണെങ്കിലും ഞാൻ എന്നും നിനക്ക് വിധേയപ്പെട്ട് കീഴ്പ്പെട്ട് നിന്റെ പ്രവൃത്തികളിൽ ഒരാളെപ്പോലെ പ്രവൃത്തിക്കുമെന്ന് സാരം.

"ഞാനോ മനുഷ്യനല്ല, ഒരു കൃമിയത്രേ, മനുഷ്യരുടെ ധിക്കാരവും ജനത്താൽ നിന്ദിതനും തന്നെ (സങ്കീ.22:6) എന്ന് പറയത്തക്ക വിധത്തിൽ ദാവീദ്പുത്രനായ നമ്മുടെ കർത്താവ് നമ്മെ രക്ഷിക്കാനായി വന്നപ്പോൾ നിന്ദിതനും നിസ്സാരനുമായി തീർന്നെങ്കിൽ-ഇപ്പോൾ ദാവീദ് ദുർഗ്ഗത്തിൽ ഈസ്ഥിതിയിൽ കഴിയുന്നത് നാം കാണുന്നു - ഇന്ന് നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് ആരാണ്? അതുകൊണ്ട് "ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നൽകി" (ഫിലി:2:9) ഈ കർത്താവ് എപ്പോഴും നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലയിലും നിറഞ്ഞു നിൽക്കട്ടെ. ഞാൻ യഹോവയെ എപ്പോഴും എന്റെ മുൻപിൽ വെച്ചിരിക്കുന്നു. അവൻ എന്റെ വലത്തു ഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപോകയില്ല (സങ്കീ.16:8) ഇതേ വാക്യം തന്നെ അപ്ര.2:25ൽ "എന്റെ മുൻപിൽ കണ്ടിരിക്കുന്നു" എന്നാണ് ദൈവാത്മാവ് രേഖപ്പെടുത്തിയി രിക്കുന്നത്. ദൈവത്തെ മുൻപിൽ വെച്ചാൽ മാത്രം പോരാ, അവനെ കണ്ടിരിക്കേണ്ടത് ആവശ്യമാണ്. ഇത് നമ്മുടെ ഓരോരുത്തരുടെയും അനുഭവമായിരിക്കട്ടെ.

**ദാവീദ് അദുല്ലാം ഗുഹയിൽ :** ഇതുപോലെ മറ്റൊരു രംഗം 1ശമു.22-ാം അദ്ധ്യായത്തിൽ കാണുന്നു. ദാവീദിന്റെ ജീവിതത്തിൽ സംഭവിച്ച

ഒരു പിശകിയ കാൽ വെപ്പിനെ നമ്മുടെ മുൻപിൽ കാണിക്കുന്നു. യിസ്രായേലിന്റെ ബദ്ധശത്രുവായ ഫെലിസ്ത്യരാജാവായ ആഖീശിന്റെ മുൻപിൽ ചെന്നുപെടുന്നതും, അവിടെനിന്നും രക്ഷപ്പെടുവാൻ ഒരു ഭ്രാന്തനെപ്പോലെ, ദാവീദ് ചില വിക്രിയകൾ ചെയ്യുന്നതും, അവിടെ നിന്നും ദാവീദ് അദുല്ലാം ഗുഹയിൽ താവളമുറപ്പിക്കുന്നതും ഈ അദ്ധ്യായത്തിൽ കാണുന്നു. ഇവിടെ തന്റെ അടുക്കൽ ആരെല്ലാം അഭയം പ്രാപിച്ചു എന്നതിന്റെ ഒരുലിസ്റ്റ് തന്നെ ലഭിക്കുന്നുണ്ട്. "ഞെരുക്കമുള്ളവർ, കടമുള്ളവർ, സന്തുഷ്ടിയില്ലാത്തവർ എന്നീവകക്കാർ ഒക്കെയും അവന്റെ അടുക്കൽ വന്നുകൂടി. അവൻ അവർക്ക് തലവനാ യിരുന്നു. അവനോടുകൂടെ ഏകദേശം 400 പേർ ഉണ്ടായിരുന്നു" (1 ശമു.22:2) ചുരുങ്ങിയ സമയ ത്തിനുള്ളിൽ അവരുടെ എണ്ണം 600 ആയി വർദ്ധി ക്കുന്നതായി കാണുന്നു. ലോകപ്രകാരം അവർ ഒരു കാര്യത്തിനും കൊള്ളാവുന്നവരല്ല. എന്നാൽ ദാവീദിന്റെ അടുക്കൽ വന്നപ്പോൾ അവർ വീരന്മാരും പരാക്രമശാലികളുമായിതീർന്ന കാര്യം 2 ശമു.23-ാം അദ്ധ്യായത്തിൽ കാണുന്നു. ഇന്നു നാം ലോകത്തിൽ കാണുന്നത് യോഗ്യതയുള്ള മിടുക്കന്മാരായ ആളുകളെ തിരഞ്ഞെടുത്ത്, അവരെ ജോലിക്കായി പരിശീലിപ്പിച്ച് നിയോഗിക്കുന്ന രീതിയാണ്. എന്നാൽ ദൈവരാജ്യത്തിലോ? ലോകപ്രകാരം തികച്ചും ഒന്നിനും കൊള്ളാത്ത, ഗണനിയരല്ലാത്ത അയോഗ്യരായവരെ ദൈവം തിരഞ്ഞെടുത്ത് അവരെ യോഗ്യതയുള്ളവരാക്കി ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി ഉപയോഗിക്കുന്ന കാഴ്ചയാണ്. കർത്താവിന്റെ ശിഷ്യന്മാരായി തിരഞ്ഞെടുക്കപ്പെട്ടവരായി പത്രൊസും കൂട്ടരും, കേവലം പഠിപ്പില്ലാത്തവരും ഏറ്റവും താഴെകിടയിലുള്ള മുക്കവരായിരുന്നല്ലോ. എന്നാൽ ഈ നല്ലവനായ ദാവീദ്പുത്രന് കീഴ്പ്പെട്ടപ്പോഴോ, അവർ ലോകത്തെ കീഴ്മേൽ മറിക്കുന്നവരായി തീർന്നു. മനുഷ്യരെ പിടിക്കുന്നവരായി തീർന്നു. പഠിപ്പില്ലാത്ത പത്രൊസിന്റെ ഒറ്റ പ്രസംഗത്തിൽ 3000 പേരാണ് വലയിൽ കുടങ്ങിയത്, രക്ഷിക്കപ്പെട്ടത്. അമേരിക്കയിൽ നോർത്ത്കരോലിനായിൽ കേവലം ഒരു കർഷക കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ട ബില്ലിഗ്രഹാം; ചെരിപ്പു കുത്തിയായിരുന്ന വില്ല്യം കേറി മുതലായ കർത്തൃദാസന്മാരുടെ ജീവിതവും മറ്റൊന്നല്ല ലോകത്തോടും പ്രഖ്യാപിക്കുന്നത്. മാത്യൂ ഹെന്ററി എന്ന വേദ പണ്ഡിതനായ കർത്തൃദാസൻ അമാസായി യുടെ മേൽ പ്രസ്താവിച്ച വാക്കുകളിൽ കൂടെ ഓർപ്പിക്കുന്നത്, നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിനോടുള്ള കൂറും വിധേയത്വവും ഏതു നിലയിൽ നാം ഈ ലോകത്തിന് കാണിച്ചു കൊടുക്കണം എന്നതാണ്. ദൈവീക കാര്യങ്ങളിൽ നാം എപ്പോഴും ഉൽസാഹികളും കർത്താവിന് ഹോസന്നാ പാടുന്നവരും, സുവിശേഷത്തിന്റെ വ്യാപ്തിക്കായി നാം സഹായികളും "വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ, മറ്റ് യാതൊരു കാര്യങ്ങൾകൊണ്ടോ ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും വേർപിരിപ്പാൻ കഴിയാത്തവരുമായിരിക്കണം" എന്നതാണ്.

**ദാവീദിന്റെ സങ്കീർത്തനത്തിലെ നന്ദിനിർഭരമായ വാക്കുകൾ :** അദുല്ലാം ഗുഹയിൽ ഇരുന്നുകൊണ്ട്, ഇത്ര ലജ്ജാവഹമായ നിലയിൽ താൻ അധ:പതിച്ചിട്ടും ദൈവം കൈവിടാതെ താങ്ങിയതിനെപ്പറ്റി ചിന്തിച്ചതിന്റെ ഫലമായുളവായ നന്ദിനിർഭരമായ സ്തോത്രത്തിന്റെ വാക്കുകൾ തന്നിൽ നിന്നും നിർഗ്ഗമിക്കുകയാണ് (സങ്കീ.34) "ഞാൻ യഹോവയെ എല്ലാക്കാലത്തും വാഴ്ത്തും, അവന്റെ സ്തുതി എപ്പോഴും എന്റെ നാവിന്മേലിരിക്കും" (സങ്കീ.34:1) "ഏതൊരു കാലത്തും ഏതൊരുനേരത്തും യേശുവിനെ ഞാൻ സ്തുതിക്കും. ഇമ്പമാണെങ്കിലും, തുമ്പമാണെങ്കിലും എൻപരാ നിന്നെ ഞാൻ സ്തുതിക്കും". എന്ന് ഭക്തനായ കർത്തൃദാസൻ പാടി. നമുക്കും അതുതന്നെയാണ് സങ്കീർത്തനക്കാരനോടു ചേർന്ന് സമർപ്പണത്തിന്റെ വാക്കുകളായി പാടാനായിട്ടുള്ളത്.

മേൽ ഉദ്ധരിച്ച വാക്യത്തിന്റെ ഒരു വിശദീകരണം കർത്തൃദാസൻ സ്പർജ്ജൻ വീരമൃത്യു വരിച്ച (Mr. Brad Ford) മി. ബ്രാഡ് ഫോർഡിന്റെ വാക്കുകളെ ഉദ്ധരിച്ചുകൊണ്ട് ഒരു വിശദീകരണം കൊടുത്തിരിക്കുന്നത് വളരെ ഹൃദയ സ്പർശകമാണ്. യഥാർത്ഥത്തിലുള്ള സമർപ്പണം എന്താണ് എന്നുള്ള കാര്യം ബ്രാഡ് ഫോർഡിന്റെ വാക്കുകളിൽ തിളങ്ങി നിൽക്കുന്നു. രാജ്ഞി എന്നെ വിട്ടയച്ചാൽ ഞാൻ അവരോട് നന്ദി പറയും; രാജ്ഞി എന്നെ ജയിലിലടച്ചാൽ ഞാൻ അവരോട് നന്ദി പറയും. അവരെന്നെ ചുട്ടുകൊന്നാൽ അപ്പോഴും ഞാൻ അവർക്ക് നന്ദി പറയും. രക്ഷിക്കപ്പെട്ട ഓരോ വ്യക്തിയും പറയേണ്ടത് ഇതു തന്നെയാണ്. ദൈവത്തിന്റെ ഹിതം എന്തു തന്നെയായാലും അത് എന്നിൽ നിറവേറ്റപ്പെടട്ടെ; ഞാൻ ദൈവത്തോട് നന്ദിയുള്ളവനായിരിക്കും (ട്രഷറി ഓഫ് ഡേവിഡ് എന്ന സ്പർജന്റെ വ്യാഖ്യാന ഗ്രന്ഥത്തൽ നിന്ന്).

ജീവിതത്തിന്റെ നാനാതുറയിൽപ്പെട്ടവർ ഞെരുക്കമുള്ളവർ, കടമുള്ളവർ, സന്തുഷ്ടിയില്ലാത്തവർ, ഏതു തരത്തിലുള്ള ആളുകളായി

സഹോദരിമാരോട്......

# ബൈബിളിലെ ചില സഹോദരിമാരുടെ ശുശ്രൂഷകൾ

കെ. കമലം, മല്ലശ്ശേരി

**ബൈ**ബിളിലെ ചില സ്ത്രീ കഥാപാത്ര ങ്ങളെ നമുക്ക് മാതൃകയാക്കാതെ ഒഴിവാക്കുവാൻ പറ്റു കയില്ല. കാരണം അവർ പലരും സ്വയത്തിൽ വളർന്നവരല്ല, ശുശ്രൂഷയിൽ തളർന്നവരത്രെ. ദൈവം സ്ത്രീയെ സൃഷ്ടിച്ച സാഹചര്യവും അവളുടെ ശുശ്രൂഷയും നാം ഉൽപ്പത്തി പുസ്തകം മുതൽ വെളിപ്പാടുപുസ്തകം വരെയും വായിക്കു ന്നുണ്ട്. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ചില സ്ത്രീകളുടെ ശുശ്രൂഷകളിലേയ്ക്ക് സഹോദ രിമാരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

തിമൊഥെയൊസിന്റെ അമ്മ യുനിക്കയും വലിയമ്മ ലോവിസ്സും ബാല്യകാലം മുതൽ തിമൊഥെയൊസിനെ തിരുവെഴുത്തിലെ ഉപദേശ സത്യങ്ങളെ പഠിപ്പിച്ചു (2 തിമൊ. 3:15). അതു പോലെ യോഖബെദ് മകനെ ശമ്പളത്തിന് പാലൂട്ടി വളർത്തുമ്പോൾ ജീവനുള്ള ദൈവത്തെ ക്കുറിച്ച പഠിപ്പിച്ചു. ആ ബാലപാഠങ്ങൾ മോശെ ഫറവോന്റെ കൊട്ടാരത്തിലെ പാഠങ്ങളെക്കാൾ ഗൗരവത്തോടെ ഹൃദയത്തിൽ സംഗ്രഹിച്ചു (എബ്രാ.11:23-26). ഹന്നാ ശമൂവേലിനെ വളർത്തി പൈതലിനെ ദൈവശുശ്രൂഷയ്ക്കായി സമർപ്പിച്ചു. ഈ സ്ത്രീകളെപ്പോലെ നമ്മുടെ കുട്ടികളെ നമുക്ക് ദൈവകൃപയിൽ വളർത്താം.

കൂടാരപ്പണിയോടൊപ്പം അപ്പൊസ്ത ലനായ പൗലൊസിന്റെ കുടെ അക്വിലാവും പ്രിസ്ക്കില്ലയും ദൈവരാജ്യസ്ഥാപനത്തിനുവേണ്ടി അവരുടെ ഭവനം യോഗസ്ഥലമാക്കി (അപ്പൊ. 18:2,3,24,26; 1 കൊരി. 16:19; റോമർ 16:3-5). പൗലൊസിന്റെ പ്രാണനുവേണ്ടി സ്വയം കഴുത്തു വെച്ച ആ ദമ്പതികൾ നമുക്ക് മാതൃകയാകട്ടെ (റോമർ 16:3-4). മാർത്ത അതിഥിസൽക്കാര പ്രിയയായിരുന്നു (ലുക്കൊസ് 10:40; യോഹാ. 12:2). രാഹാബ് എന്ന വേശ്യ ദൈവത്തിന്റെ വരുവാനിരി ക്കുന്ന ന്യായവിധിയെക്കുറിച്ച് തന്റെ കുടുംബക്കാ ർക്ക് അറിവുകൊടുത്ത് അവരെയെല്ലാം രക്ഷിച്ചു. അവളുടെ ജനലഴികളിൽ ചുവപ്പു നാടകെട്ടി തക്ക സമയത്ത് സ്വന്ത ഭവനക്കാരെ രക്ഷപ്പെടുത്തി യതുപോലെ നമ്മുടെ കുടുംബാംഗങ്ങളിൽ രക്ഷിക്കപ്പെടാത്തവരുണ്ടങ്കിൽ അവരുടെ രക്ഷ യ്ക്കുവേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥി ക്കുന്നതിനും അവർ സുവിശേഷം കേൾക്കുന്ന തിനുള്ള സാഹചര്യം ഒരുക്കുന്നതിനും പ്രിയ സഹോദരിമാരേ, നമുക്ക് ഉത്തരവാദി ത്തമുണ്ട്.

തബീഥാ വളരെ സൽപ്രവൃത്തികൾ ചെയ്ത ഒരു സ്ത്രീ ആയിരുന്നു. വിധവമാർക്ക് വസ്ത്ര ങ്ങൾ ഉണ്ടാക്കികൊടുത്ത് അവൾ അവരെ സഹായിച്ചിരുന്നു (അപ്പൊ. 9:36,39). അങ്ങനെ തന്നെ കെംക്രെയ സഭയിൽ തന്നാൽ കഴിയുന്ന ഭൗതികമായ ശുശ്രൂഷകൾ ചെയ്ത് ഫേബാ സഭയെ സഹായിച്ചിരുന്നു (റോമർ 16:1-2). മറിയ സ്വച്ഛജടാമാംസിതൈലം കർത്താവിന്റെ പാദ ത്തിൽ പൂശി (യോഹ. 12:1-7). യുവൊദ്യയും സുന്തുകയും (ഫിലി. 4:3) സുവിശേഷത്തിനായി അപ്പൊസ്തലനായ പൗലൊസിനൊപ്പം വെല ചെയ്തവരാണ്.

രുത്ത് എന്ന മോവാബ്യസ്ത്രീ (രുത്ത് 2) യവക്കൊയ്ത്തിന്റെ കാലത്ത് നവൊമിയൊടൊപ്പം ബെത്ലഹേമിൽ വന്ന് കാലാ പെറുക്കി നവോമിയെ സംരക്ഷിച്ചു. എസ്ഥേർ തന്റെ ജീവനെ അവഗ ണിച്ച് രാജാവിന്റെ അടുക്കൽ തന്റെ ജനത്തിനു വേണ്ടി ആവശ്യങ്ങൾ അറിയിക്കുവാൻ ധൈര്യ പുർവ്വം കടന്നുപോയി (ഏസ്ഥേർ 4-5).

ശേഷം 23-ാം പേജിൽ

---

കൊള്ളട്ടെ, ദാവീദിന്റെ അടുക്കൽ അദുല്ലാം ഗുഹയിൽ ചെന്നതുപോലെ, ആർക്കും വാഴ്ത്ത പ്പെട്ട കർത്താവിന്റെ അടുക്കൽ ചെല്ലാനായിട്ടുള്ള അനുവാദം ഉണ്ട്. ലോകത്തിലെ ഒരു പ്രസിഡന്റി നേയോ, രാജാവിനേയോ, കാണണമെങ്കിൽ എത്രനാൾ കാത്തിരിക്കണം? എത്ര യാത്ര ചെയ്യ ണം. എത്ര പടവുകൾ കടക്കണം എന്നാപ്പോലും കാണാൻ സാധിക്കുമെന്നുള്ള ഉറപ്പുണ്ടോ? ഉറപ്പില്ല. എന്നാൽ രാജാധിരാജാവും കർത്താധി കർത്താവുമായവൻ ഇന്ന് ഏവരേയും "അദ്ധ്വാനി ക്കുന്നവരും ഭാരം ചുമക്കുന്ന ഏവരുമായുള്ളേരേ, നിങ്ങൾ എന്റെ അടുക്കലേക്ക് വരുവീൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം". എന്ന് ഉറപ്പു നൽകി ആഹ്വാനം ചെയ്തു കൊണ്ടിരിക്കുന്നു.

പ്രിയരേ, നമ്മുടെ മഹാപുരോഹിതൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട് (1യോഹ.2:1) അതേ, ഇന്നവിടുന്ന് കൃപാസനത്തിൽ ഇരുന്നരുളുന്നു. തന്റെ മക്കളിലാർക്കും കരുണ ലഭിപ്പാനും തൽസമയത്ത് സഹായത്തിന് കൃപ പ്രാപിപ്പാനു മായി ധൈര്യത്തോടു കൃപാസനത്തിന് അടുത്ത് ചെല്ലാം. (എബ്രാ.4:14-16) എപ്പോൾ ചെല്ലണം? തൽസമയത്ത് ധൈര്യത്തോട്. ജീവിതത്തിൽ സാക്ഷ്യം നഷ്ടപ്പെട്ട് പരാജയപ്പെട്ടതിന് ശേഷമല്ല. തൽസമയത്ത്. ●

## ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.108-ചോദ്യം

**വിഷയം** : **'വിശുദ്ധന്മാർക്കു ലഭിക്കാൻ പോകുന്ന അതിശ്രേഷ്ഠ പദവികൾ'**

**വായനഭാഗം** : 1 കോരി. 15, മത്താ. 13,5,18, വെളി 3, ലൂക്കോ.22 + 1 കോരി. 6, മത്താ. 5, ദാനി. 7, വെളി. 22.

1 (a). കർത്താവിന്റെ വീണ്ടുംവരവിൽ വിശുദ്ധന്മാർ ഉയിർക്കുന്നത് എങ്ങനെയുള്ള ശരീരത്തിൽ?

(b). നീതിമാന്മാർ (വിശുദ്ധന്മാർ)പിതാവിന്റെ രാജ്യത്തിൽ ഏതുപോലെ പ്രകാശിക്കും? ആരു പറഞ്ഞു ?

II (a) ദൈവകല്പനകളെ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ സ്വർഗ്ഗരാജ്യത്തിൽ എങ്ങനെ വിളിക്കപ്പെടും ?

(b) സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആര് ? (എങ്ങനെയുള്ളവൻ)

III (a) കർത്താവ് ഭൂമിയിൽ വന്ന് മരണത്തെ (സാത്താനെ) ജയിച്ച് പിതാവിന്റെ സന്നിധിയിൽ ചെന്നപ്പോൾ പിതാവ് തന്നെ ആദരിച്ചത് എങ്ങനെ ? (എവിടെ, ആരോടു കൂടെ ഇരുത്തി?)

(b) ഒരു ജയജീവിതം നയിച്ച് നാം ദൈവത്തിന്റെ സന്നിധിയിൽ ചെല്ലുമ്പോൾ കർത്താവ് നമ്മെ ആദരിച്ചിരുത്തുന്നത് എവിടെ, ആരോടുകൂടെ ?

IV (a) കർത്താവ് ഭൂമിയിൽ ആയിരം ആണ്ട് (സഹസ്രാബ്ദം) വാഴുമ്പോൾ നാം എവിടെ ഇരുന്ന് ആരെ എല്ലാം (മൂന്നു കൂട്ടരെ) ന്യായം വിധിക്കും ? (വേദഭാഗങ്ങൾ അക്കത്തിലും അക്ഷരത്തിലും എഴുതുക.)

V കർത്താവിന്റെ നാമം നിമിത്തം നിങ്ങളെ ഉപദ്രവിക്കുകയും എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ സന്തോഷിക്കാം. കാരണം എന്ത് ?

VI നിത്യരാജത്വവും ആധിപത്യവും ആകാശത്തിൻ കീഴുള്ള രാജ്യങ്ങളുടെ മഹത്വവും ആർക്ക് (എങ്ങനെയുള്ളവർക്ക്) കിട്ടും ?

VII യാതൊരുശാപവും ഇനി ഉണ്ടാകാത്തതായ രാജ്യത്ത് അവന്റെ ദാസന്മാർക്കുള്ള അനുഗ്രഹ സമൃദ്ധിയെക്കുറിച്ച് വെളിപ്പാടു പുസ്തകം അവസാന അദ്ധ്യായത്തിൽ തുടർച്ചയായി പറയുന്ന മൂന്നുവാക്യങ്ങൾ യാതൊരക്ഷരത്തെറ്റും കൂടാതെ എഴുതുക.

**പൂർണ്ണ വാചകത്തിൽ ഉത്തരം എഴുതുക**

15-11-09 നകം കിട്ടുന്ന ഉത്തരങ്ങൾക്ക് മാർക്കു നല്കും. ഒത്തുവാക്യം എഴുതേണ്ടതില്ല. ചോദ്യം സൂക്ഷ്മമായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതിയാലും.(മരിച്ചവർ ഉയിർത്തെഴുന്നേൽക്കുക എന്നതാണ് ശരി).

ദൈവമക്കൾ ഈ നിത്യസന്തോഷം അനുഭവിക്കുമ്പോൾ നാം ഉറ്റുസ്നേഹിക്കുന്നവരെങ്കിലും വീണ്ടും ജനിക്കാത്തവർ എവിടെ ആയിരിക്കും ! ചിന്തിച്ചാലും. അവർ ജീവനോടിരിക്കുമ്പോൾ അവർക്കുവേണ്ടി കരയുമോ, പ്രാർത്ഥിക്കുമോ ?

## ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.101- 106ആകെ മാർക്ക്

1. ജസ്സി കെ. പോൾ, ഒറീസ്സാ 889
2. ജയിനമ്മ ശാമുവേൽ, പേരൂർക്കട 869
3. തങ്കമ്മ ഡാനിയേൽ, തൃശൂർ 845
4. ആലീസ് സാം, സീബ് 793
5. രത്നാ ജേക്കബ്, പുതുപ്പള്ളി 788
6. നിസ്സി ബീം, മീനങ്ങാടി 786
7. ചിന്നമ്മ ശാമുവേൽ, മലാഡ് 784
8. ഏലിയാമ്മ പൗലോസ്, തൃശൂർ 752 (5 പ്രാവശ്യം)
9. അന്നമ്മ ചാക്കോ, മണ്ണാറത്തറ 751
10. അമ്മിണി തോമസ്, പുല്ലാട് 748
11. ആലീസ് കോര, പുതുപ്പള്ളി 741
12. ഒ. വി. ജോസഫ്, പുല്ലാട് 739
13. വത്സമ്മ തോമസ്, ജാൻസി 719 (5 പ്രാവശ്യം)
14. ഫിലിപ്പോസ് ഏബ്രഹാം, ന്യൂയോർക്ക് 666 (5 പ്രാവശ്യം)
15. സാറാമ്മ തോമസ്, കോട്ടയം 643
16. പി. റ്റി. ഫിലിപ്പ്, ബാഗ്ളൂർ 640
17. ബറ്റി വിനോദ്, വെള്ളൂർ 636
18. ജസ്സി സാം, റാന്നി 628
19 ജയിനമ്മ പൗലോസ്, പൂനെ 608 (5 പ്രാവശ്യം)

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**ദുർഗ്ഗാപൂർ :** കഴിഞ്ഞ 36 വർഷമായി ദുർഗ്ഗാപൂരിൽ കർത്തൃശുശ്രൂഷയിൽ കുടുംബമായി ആയിരിക്കുവാൻ കർത്താവ് സഹായിച്ചു. Kamalpur, Andal എന്നീ 2 ഗ്രാമങ്ങളിൽ ഓരോ സഭകളും ദുർഗ്ഗാപൂർ പട്ടണത്തിൽ 2 സഭകളും ഉണ്ടാകുവാൻ കഴിഞ്ഞ ഒന്നര വർഷമായി കൊട്ടാരക്കര പുലമൺ ബ്രദറൺ അസംബ്ലിയിൽ നിന്നുള്ള സിജി വർഗീസ് കുടുംബമായി ഞങ്ങളോടൊപ്പം ബൈബിൾ ഭവനിൽ പാർത്ത് ഈ പട്ടണത്തിൽ കർത്തൃവേലയിൽ ആയിരിക്കുന്നു. സിജി വർഗീസ് ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അർഹിക്കുന്നു. M.S. Jacob, (Evg), Bible Bhavan, Subhaspalli, Benachity, Durgapur - 713213.

**മച്ചിപ്ലാവ് (അടിമാലി) :** 2009 ആഗസ്റ്റ് 17 – 20വരെ സുവിശേഷ ക്യാമ്പ് നടന്നു. ഷാർജ ബിലീവേഴ്സ് ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ മച്ചിപ്ലാവ് സഭയുടെ സഹകരണത്തിൽ നടന്ന ക്യാമ്പിൽ, 57 പേർ പങ്കെടുത്തു. ഭവന സന്ദർശനം, രാത്രിയോഗം, പരസ്യയോഗം, സംഗീത ശുശ്രൂഷ തുടങ്ങിയ പരിപാടികളിലൂടെ അനേകർ വചനം കേൾക്കുവാനും 41 പേർ യേശുകർത്താവിനെ ഏറ്റുപറഞ്ഞ് സ്വീകരിക്കുവാനും ഇടയായി. അനുധാവന പ്രവർത്തനങ്ങൾ നടന്നുവരുന്നു. ദൈവജനം വിശേഷാൽ പ്രാർത്ഥിക്കണമെ. വിലാസം : Evg. Thomas Cherian Erakuzha, Machiplavu P.O., Adimali, 685561

**പാവൂർഛത്രം – തെങ്കാശി :** ആഗസ്റ്റ് 11–12ന് സുവിശേഷ യോഗവും ഭവന സന്ദർശനവും നടന്നു. ഇവിടെ പ്രവർത്തിക്കുന്ന സുവി. സാബു സെബാസ്റ്റ്യനൊപ്പം ചെറിയാൻ ജോൺസൺ, ആരോഗ്യദാസ് എന്നിവർ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. ഇവിടുത്തെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിച്ച എല്ലാവർക്കും നന്ദി അറിയിക്കുന്നു. തുടർന്നും പ്രാർത്ഥിക്കണമേ. എന്ന് Evg. Sabu Sebastin C/o J. Selvaraj 1975-Railway Gate West, Pavoorchatram P.O., Tirunelveli - 627808.

**സാംഗനേയർ (രാജസ്ഥാൻ) :** കഴിഞ്ഞ ചില വർഷങ്ങളായി സാംഗനേയർ സീയോൻ ബ്രദറൺ സഭയുടെ സഹകരണത്തോടെ, ജോയി കെ.എസും സഹോദരന്മാരും പാലി ജില്ലയിൽ സാദട്രി എന്ന സ്ഥലത്തും, പൊക്രാൻ എന്ന സ്ഥലത്തും, പ്രവർത്തനം നടത്തിയതിന്റെ ഫലമായി പലരും രക്ഷിക്കപ്പെടുവാനും, കർത്താവിനെ ജലത്തിൽ സാക്ഷികരിക്കുവാനും ഇടയായി. ഈ ജൂണിൽ പുതിയനിയമ ആരാധന ആരംഭിക്കുവാൻ സഹായിച്ചു. ഇവിടെ ഇപ്പോൾ സഹോദരന്മാരായ ജോർജ്ജ ലെവിസൺ (സാദട്രി) തോമസ് മാത്യൂ (പൊക്രാൻ) പ്രവർത്തനങ്ങളിലേർപ്പെട്ടു വരുന്നു. ഈ സഹോദരന്മാരേയും സഭകളേയും പ്രാർത്ഥനയിൽ ഓർക്കുക. ഇപ്പോൾ സവായ്മദോപൂരിൽ ഒരു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഒരു സഭാകൂടിവരവിന്റെ ലക്ഷ്യത്തോടെ ഞങ്ങൾ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയും കൂട്ടായ്മയും ആഗ്രഹിക്കുന്നു. എന്ന് Joy K.S. (Evg.), Zion Prayer House, Opp. Airport, Sanganer, Jaipur - 302011,.

**പിലാത്തറ (കണ്ണൂർ)** : 04.09.2009ന് 2 പേരുടെ സ്നാനം നടന്നു. കണ്ണൂർ ജില്ലാ, ഗോസ്പൽ ക്യാമ്പയിനാണ് പിലാത്തറ, ഏഴിലോട്, പരിയാരം, ഏമ്പേറ്റ് എന്നീ സ്ഥലങ്ങളിൽ പ്രവർത്തനം ആരംഭിച്ചത്. അനവധിപേർ രക്ഷിക്കപ്പെടുവാൻ ഇടയായിട്ടുണ്ട്. കെ. ജെ. ഏബ്രഹാം ഇവിടെ കുടുംബമായി താമസിച്ച് ഈ സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്നു. ഞങ്ങൾ താമസിക്കുന്ന ഏഴിലോടുള്ള വാടക ഭവനത്തിൽ ആരാധനക്കായി കൂടി വരുന്നു. പരിയാരം മെഡിക്കൽ കോളേജിൽ വരുന്ന വിശ്വാസികൾക്ക് ആരാധനക്കു കടന്നുവരുവാൻ സാധിക്കുന്നതാണ്. ഇവിടെയുള്ള കൂടിവരവിനെയും പ്രവർത്തനത്തെയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കണം എന്ന്, കെ. ജെ. ഏബ്രഹാം, ബ്രദറൺ അസംബ്ലി, ഗോസ്പൽ ഹോം, പിലാത്തറ പി.ഒ., കണ്ണൂർ – 670501. ഫോൺ : 9387912113.

**മാറിക :** തൊടുപുഴ കൂത്താട്ടുകുളം റൂട്ടിൽ മാറികയിൽ 06.09.09ന് ഒരു പുതിയ കൂടിവരവ് ആരംഭിച്ചിരിക്കുന്നു. കത്തോലിക്കർ തിങ്ങിപ്പാർക്കുന്ന ഈ സ്ഥലത്ത് കഴിഞ്ഞ 2004 മുതൽ ഇ. ജെ. ജോസഫ് പ്രവർത്തിച്ചതിന്റെ ഫലമായി 8 കുടുംബങ്ങൾ രക്ഷിക്കപ്പെടുവാൻ ഇടയായി. 20തോളം പേർ കൂടിവരുന്നതിൽ 11 പേർ മേശയിൽ പങ്കെടുക്കുകയും ചെയ്യുന്നു. ഈ സ്ഥലം സഭയെയും ഇവിടുത്തെ പ്രവർത്തനങ്ങളെയും ഓർത്ത് ദൈവജനം പ്രാർത്ഥി

---

20.ഏലിയാമ്മ കോശി, ബാഗ്ളൂർ 598
(5 പ്രാവശ്യം)(91 വയസ്സ്)

21.കുര്യൻ ജോസഫ്, മണ്ണാരത്തറ 581
(5 പ്രാവശ്യം)

22.മേരി ജേക്കബ്, കല്ലിശ്ശേരി 566
(4 പ്രാവശ്യം)

23.സാം കിഴവറമണ്ണിൽ, മുംബൈ 542
(4 പ്രാവശ്യം)

24.ഏലിയാമ്മ ജേക്കബ്, വിശാഖപട്ടണം 419
(3 പ്രാവശ്യം)

എല്ലാവർക്കും സമ്മാനം ഉടനെ അയക്കുന്നതാണ്. സമ്മാനം കിട്ടിയാലുടൻ വിവരത്തിന് ഒരു കാർഡ് അയക്കുമല്ലോ. വളരെ മെച്ചമായ ഉത്തരം എഴുതുന്ന ചിലർക്ക് രോഗം മുതലായ പ്രതിസന്ധികൾ മൂലം എല്ലാ പ്രാവശ്യവും ഉത്തരം എഴുതാൻ കഴിയാതെ വന്നതിനാൽ ആകെ മാർക്ക് കുറവു വന്നിട്ടുണ്ട്. മുടക്കം കൂടാതെ വചനം പഠിച്ച് ശരി ഉത്തരം എഴുതാനുള്ള കൃപയ്ക്കായി എല്ലാവരും പ്രാർത്ഥിക്കുമല്ലോ. ●

ക്കുകയും സഹകരിക്കുകയും ചെയ്യണമേ. മാറികയിൽ നിന്നും രാമപുരം റൂട്ടിൽ രണ്ട് കിലോമീറ്റർ മാറി കൊല്ലം പറമ്പിലാണ് ഇപ്പോൾ കൂടിവരുന്ന ഭവനം. എന്ന്, ജയിംസ് മുളിഞ്ഞനാനി, കുര്യൻ കുന്നേൽ. ബന്ധപ്പെടേണ്ട വിലാസം : ക്രിസ്ത്യൻ ബ്രദറൺ ചർച്ച്, കൊല്ലം പറമ്പ്, കാരമല പി.ഒ., കൂത്താട്ടുകുളം – 686662. ഫോൺ : 0485 – 2275131. ഇവാ. ഈ. ജെ. ജോസഫ്, ഈറ്റത്തോട്ട്, നരിയനാനി പി.ഒ., പൊൻകുന്നം – 686 506, ഫോൺ : 04828 – 222486,.

**മലപ്പുറം** : വൈ.എം.ഇ.എഫ്. മലപ്പുറം യൂണിറ്റിന്റെ ഏകദിന പ്രവർത്തനത്തിന്റെ ഭാഗമായി ആഗസ്റ്റ് 18ന് ചോക്കാട് സഭയുടെ സമീപപ്രദേശങ്ങളിൽ ഭവനസന്ദർശനത്തിലൂടെ സുവിശേഷം അറിയിപ്പാൻ ഇടയായി. 4 പേർ കർത്താവിനെ രക്ഷകനായി സ്വീകരിച്ചു. സെപ്റ്റം 17ന് ഏകദിന പ്രവർത്തനം വണ്ടൂർ എന്ന സ്ഥലത്ത് നടന്നു. സഭാ രൂപീകരണം ലക്ഷ്യമാക്കി പോത്തുകല്ലിൽ പ്രവർത്തനം കഴിഞ്ഞ ഒന്നര വർഷത്തോളമായി ആഴ്ചയിൽ 2 ദിവസം നടന്നു വരുന്നു. പലരും രക്ഷിക്കപ്പെടുവാനിടയായിട്ടുണ്ട്. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു. എന്ന്. സെക്രട്ടറി, പി.എം. സേവ്യർ. ഫോൺ : 9745486699.

**വയനാട്** : വൈ.എം.ഇ.എഫ്. വയനാട് യൂണിറ്റിന്റെ സുവിശേഷ പ്രവർത്തനം 2009 ആഗസ്റ്റ് 29ന് അമ്പലവയൽ ബ്രദറൺ സഭയുടെ സഹകരണത്തിൽ ഭവന സന്ദർശനവും ബൈബിൾ ക്ലാസ്സും നടന്നു. സുവി. കെ.ബി റെജി ക്ലാസ്സെടുത്തു. വി.ജെ. പോൾ, പി.വി. സജി, സന്തോഷ് മാത്യൂ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി വയനാട്ടിലെ സ്ഥലം സഭകളിൽ നിന്ന് സുവിശേഷകന്മാരും മൂപ്പന്മാരും പ്രവർത്തനങ്ങളിൽ പങ്കെടുത്തു. പ്രവർത്തനങ്ങളെ തുടർന്നും പ്രാർത്ഥനയിൽ ഓർത്താലും. എന്ന്, സെക്രട്ടറി കുഞ്ഞുമോൻ പി.വൈ.

**പുന്നപ്ര** : ഇതര പശ്ചാത്തലത്തിൽ നിന്നും രക്ഷിക്കപ്പെട്ടു വന്ന 11 സഹോദരി സഹോദരന്മാർ ഓഗസ്റ്റ് 29ന് കർത്താവിനെ ജലത്തിൽ സാക്ഷിച്ചു. ഇവരുടെ നിലനില്പിനും സഭയുടെ ആത്മീക വളർച്ചയ്ക്കുമായി തുടർന്നും പ്രാർത്ഥിച്ചാലും. എന്ന് ബെൻ ജോസഫ്, സി. ഡി. സെബാസ്റ്റ്യൻ (സുവി.), ഗോസ്പൽ ഹോം, പുന്നപ്ര പി.ഒ., ആലപ്പുഴ – 688004.

**ഇടുക്കി** : 2009 മെയ് 13,14ന് വാഴവര, ഇടുക്കി, പെരിഞ്ചാംകുട്ടി സഭകളുടെ സഹകരണത്തിൽ ഹൈറേഞ്ചിലെ 21 ഗ്രാമങ്ങളിൽ വചന ശുശ്രൂഷയും ലഘുലേഖ വിതരണങ്ങളും നടത്തി. പുതിയ സ്ഥലം സഭകൾ സ്ഥാപിതമാകുന്നതിനും ഹൈറേഞ്ചിലെ സഭകൾക്കു അനുഗ്രഹമാകുന്നതിനും ദൈവജനം പ്രാർത്ഥിക്കണമേ. എന്ന്, സുവി. ബിജു ദേവസ്യ – 9961893883, സുവി. രാജൻ മാത്യൂ – 9747264276.

**തിരുവല്ല** : റ്റി.എം.എം. ഹോസ്പിറ്റൽ ട്രസ്റ്റ് അസോസിയേഷന്റെ വാർഷിക പൊതുസമിതി യോഗം 2009 ഓഗസ്റ്റ് 15ന് റ്റി.എം.എം. ഓഡിറ്റോറിയത്തിൽ വച്ച് Chairman Col.(Retd) Alex Varghese ന്റെ അദ്ധ്യക്ഷതയിൽ കൂടുകയും 2008-09 വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു. പുതിയ വർഷത്തേക്ക് പൊതു സമിതിയിൽ നിന്നും വിൽസൺ തോമസിനെ ഭരണസമിതിയിലേക്ക് നിയോഗിച്ചു. Col. (Retd.) Alex Varghese നെ ചെയർമാനായും വി.എം. ഏബ്രഹാമിനെ വൈസ് ചെയർമാനായും ജോൺ വി ഏബ്രഹാമിനെ സെക്രട്ടറിയായും റ്റി. റ്റി. തോമസിനെ ട്രഷറാർ ആയും തിരഞ്ഞെടുത്തു. പുതിയ ഭരണ സമിതിയേയും സ്ഥാപനങ്ങളെയും ദൈവകരങ്ങളിലേക്ക് സമർപ്പിച്ച് പ്രാർത്ഥനയോടെ യോഗം പിരിഞ്ഞു. തുടർന്നും ഈ സ്ഥാപനങ്ങളെ ഓർത്ത് പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചു കൊണ്ട് ജോൺ വി. ഏബ്രഹാം, സെക്രട്ടറി.

**മുണ്ടക്കയം** : കഴിഞ്ഞ 3 വർഷങ്ങളായി ഇടുക്കി ജില്ലയിൽ കൊക്കയാറിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ദാനിയേൽ ചിൽഡ്രൻസ് ഹോം 2009 ജൂൺ മുതൽ മുണ്ടക്കയം ടൗണിന് സമീപം പൈങ്ങണ എന്ന സ്ഥലത്തേയ്ക്ക് മാറ്റി പ്രവർത്തനം തുടരുന്നു. അനാഥാലയത്തിന് സ്വന്തമായി 10 സെന്റ് സ്ഥലവും വീടും വാങ്ങുവാൻ ദൈവം കൃപ ചെയ്തു. അതിന്റെ സ്തോത്ര ശുശ്രൂഷ 2009 ഓഗസ്റ്റ്30ന് നടത്തുവാൻ ഇടയായി. ഇപ്പോൾ 10 കുട്ടികൾ ഈ സ്ഥാപനത്തിൽ താമസിച്ച് പഠനം തുടരുന്നു. പഠനത്തോടൊപ്പം മുണ്ടക്കയം ബ്രദറൺ സഭയോടുള്ള ബന്ധത്തിൽ ആത്മീക ശിക്ഷണത്തിൽ വളർന്നു വരുന്നു. തുടർന്നും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. വിലാസം : ഐസക് വി. ജോൺ, വടക്കിനത്ത് ജിംസ് കോട്ടേജ്, പാറത്തോട് പി.ഒ., കാഞ്ഞിരപ്പള്ളി, ഫോൺ : 04828 271633. കമ്മറ്റിക്കുവേണ്ടി കെ. എം. ബേബി ഫോൺ : 9495026263, റ്റി. വി. മാത്യൂ ഫോൺ : 9495543712.

## മഹത്വത്തിൽ

**തിരുവനന്തപുരം** : പരേതനായ എ. ഒ. ഫിലിപ്പിന്റെ സഹധർമ്മിണി മേരി ഫിലിപ്പ് (86) 7.9.09ന് താൻ പ്രീയം വച്ചിരുന്ന കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. സഹോദരി സി. എസ്. ഐ. പശ്ചാത്തലത്തിൽ നിന്നും വേർപെട്ടു വന്ന് തിരുവല്ല, മാവേലിക്കര സഭകളിലും തിരുവനന്തപുരം, കുന്നുകുഴി, പട്ടം സഭകളിലും ആയിരുന്നു. കഴിഞ്ഞ 13 വർഷമായി പൊങ്ങാമൂട് ഹെബ്രോൻ ക്രീസ്ത്യൻ അസംബ്ളിയിൽ ആയിരുന്നു. ഭൗതീക ശരീരം 10.09.09ന് ബില്ലി പി. ജേക്കബ്, ഡോ. ഒ. എം. ശമുവേൽ, ഡോ. കെ.സി. ജോൺസൺ എന്നിവരുടെ

---

**20-ാം പേജിൽ നിന്നും തുടർച്ച**

മേലുദ്ധരിച്ച ഉദാഹരണങ്ങളെല്ലാം സഹോദരിമാരായ നാം സമയോചിതമായി അനുവർത്തിക്കുന്നു എങ്കിൽ നമ്മുടെ കുടുംബങ്ങളും സഭകളും അനുഗ്രഹിക്കപ്പെടുവാൻ ഇടയാകും. ''സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചുകൊൾക. നാൾ സമിപിക്കുന്നു എന്ന് കാണും തോറും അത് അധികമധികമായി ചെയ്യേണ്ടതാകുന്നു'' (എബ്രാ. 10:25). സാത്താൻ നമ്മെ കീഴ്പ്പെടുത്തുവാൻ ഇടം കൊടുക്കാതെ നിർമ്മലരായി വിശുദ്ധിയോടെ ദൈവം നൽകിയ എല്ലാറ്റിനും നന്ദിയും സ്തോത്രവും അർപ്പിച്ച് ജിവിതം നയിക്കുവാൻ പരമകാരുണ്യവാനായ കർത്താവ് സഹോദരിമാരായ എല്ലാ വായനക്കാരെയും സഹായിക്കുമാറാട്ടെ. ●

വചന ശുശ്രൂഷയ്ക്കു ശേഷം ഹെബ്രോൻ ക്രിസ്ത്യൻ അസംബ്ളിയുടെ ചുമതലയിൽ പരുത്തിപ്പാറ ബ്രദറൻ സെമിത്തേരിയിൽ സംസ്കരിച്ചു. ദു:ഖിതരായിരിക്കുന്ന മക്കൾ ഡോ. ഉമ്മൻ ഫിലിപ്പ് (കാനഡ), മാത്യൂ ഫിലിപ്പ് (തിരുവനന്തപുരം), ബഞ്ചമിൻ ഫിലിപ്പ് (ദുബായ്), എന്നിവരുടേയും കുടുംബംഗങ്ങളുടേയും ആശ്വാസത്തിനും സമാധാനത്തിനുമായി പ്രാർത്ഥിച്ചാലും. (ഡോ. ഉമ്മൻ ഫിലിപ്പ്)

## അഭ്യർത്ഥന

**ചേലക്കോട്ടുകര :** സഹോ. വിത്സന് ഭാര്യയും 2 മക്കളും ഉണ്ട്. മകൾ ബി.കോമിനും മകൻ +2വിനും പഠിക്കുന്നു. സ്വന്തമായി ഭവനം ഇല്ല. കൂലി വേല ചെയ്താണ് താൻ ഭവനത്തെ പുലർത്തിയിരുന്നത്. 12.01.09ന് താൻ ജോലിക്കു പോകുന്ന യാത്ര മദ്ധ്യേ ബസ്സിൽ വച്ച് തനിക്ക് കഠിനമായ നെഞ്ചുവേദന അനുഭവപ്പെടുകയും തുടർന്ന് നിത്യതയിൽ പ്രവേശിക്കകയും ചെയ്തു. തൽഫലമായി തന്റെ കുടുംബം നിരാലംബരായി ഭാര്യ ആശയ്ക്ക് ചെറിയ ഒരു ജോലിയിൽ നിന്നും ലഭിക്കുന്ന തുച്ഛമായ വരുമാനം കൊണ്ടാണ് ഇപ്പോൾ കുടുംബം ഉപജീവിക്കുന്നത്. അവർക്ക് സ്വന്തമായി ഒരു വീടുണ്ടാകുവാനും മകളുടെ വിവാഹത്തിനും മറ്റു ഉപജീവനകാര്യങ്ങൾക്കുമായി ഒരു ഫണ്ട് രൂപീകരിച്ച് 2009 ഒക്ടോ. 31ന് സമാഹരണം പൂർത്തിയാക്കി തുക ഈ കുടുംബത്തിന്റെ സംരക്ഷണത്തിനായി നീക്കിവയ്ക്കുവാൻ സഭയായി തീരുമാനിച്ചിരിക്കുന്നു. ഈ ആവശ്യത്തിലേക്കായ് സഭയിലെ മൂപ്പന്മാരായ പി. സി. ജോർജ്ജ്, സി. ജെ. മത്തായി, എം. സി. ജോർജ്ജ് എന്നിവരുടെ പേരിൽ തൃശൂർ ഫെഡറൽ ബാങ്ക് കിഴക്കേകോട്ട ബ്രാഞ്ചിലുള്ള 12720100116630 നമ്പർ ജോയ്ന്റ് എക്കൗണ്ടിലേയ്ക്ക് ചെക്കുകളും ഡ്രാഫ്റ്റുകളും എക്കൗണ്ടു നമ്പർ എഴുതി താഴെ കാണുന്ന വിലാസത്തിൽ അയച്ചാലും. എം.ഒ. അയക്കുന്നവർ ഈ ആവശ്യം കൂപ്പണിൽ രേഖപ്പെടുത്തി ഇതേ വിലാസത്തിൽ അയക്കാവുന്നതാണ്. വിലാസം : P. C. George, Puthukattukaran House, Janatha Road, Thrissur - 680006. എന്ന്, പി. സി. ജോർജ്ജ്, സി. ജെ. മത്തായി, എം. സി. ജോർജ്ജ്.

## വിവിധ വിഷയങ്ങൾ

**കുമ്പനാട് :** ആത്മപ്രകാശിനി മാസികയുടെ വരിസംഖ്യ വാങ്ങുവാനും പുതിയ വരിക്കാരെ ചേർക്കുവാനുമുള്ള ക്രമീകരണങ്ങൾ നമ്മുടെ പ്രധാന കൺവൻഷൻ സ്ഥലങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്. ദയവായി ഈ അവസരങ്ങളിൽ വരിസംഖ്യ കുടിശികയുള്ളത് തീർത്തും മുൻകൂറായി തന്നും ഈ ആത്മീയ ശുശ്രൂഷയിൽ സഹകരിച്ചാലും. മാനേജർ.

**പത്തനംതിട്ട** : ശാലോം മ്യൂസിക്സിന്റെ ഹിന്ദി, മലയാളം സിഡികൾ പുറത്തിറങ്ങിയിരിക്കുന്നു. എല്ലാം എന്റെ നന്മയ്ക്കായ്; ശാരോനിൻ പനിനീർ പുഷ്പം എന്നീ 13 ഗാനങ്ങൾ വീതമുള്ള മലയാളം സിഡികളും ശാലോം പരമേശ്വർ കിശാന്തി, ശാലോം - മസീഹ്കിശാന്തി, എന്നീ ഹിന്ദി സിഡികളും ലഭ്യമാണ്. തപാൽ മാർഗ്ഗം ആവശ്യമുള്ളവർ 70 രൂപാ അടച്ച് താഴെ കാണുന്ന വിലാസത്തിൽ ആവശ്യപ്പെടുക. Shalom Musics, P. B. No.1, Njakkunilam P.o., V. Kottayam, Pathanamthitta - 689656. Mob : 09447561855.

RN.No. 36067/ 81
Postal Reg. No. KL/TLA/44/2009-11 dt.14-11-08
ആത്മപ്രകാശിനി

If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George
at Excel Offset Printers, Omallor

## സുവിശേഷ വയലിലേക്ക്

**കുംഭംകുളം (എഴുമറ്റൂർ) :** ഈ സഭയിലെ മൂപ്പൻ കെ. ജെ. മത്തായിയുടെ മകൻ റെനി മാത്യൂ ദൈവവചന പഠനത്തിനു ശേഷം ചില വർഷങ്ങളായി സഭയിലുള്ള വിവിധ ശുശ്രൂഷകളിൽ ശുഷ്കാന്തിയോടെ പ്രവർത്തിച്ചു വരുകയായിരുന്നു. തന്റെ ശുശ്രൂഷകളും സുവിശേഷ വേലയ്ക്കായുള്ള സമർപ്പണവും സഭയ്ക്കു ബോധ്യമായതിനാൽ തന്നെ സുവിശേഷകനായി സഭ അംഗീകരിച്ചിരിക്കുന്ന വിവരം അറിയിച്ചു കൊള്ളുന്നു. ഇപ്പോൾ റാന്നി തോമ്പിക്കണ്ടം ബെഥേൽ ബ്രദറൺ സഭയുടെ ശുശ്രൂഷകനായി താൻ സേവനം അനുഷ്ഠിക്കുന്നു. സഹോദരനെ പ്രാർത്ഥനയിൽ ഓർക്കണമേ.എന്ന്, കെ. ജെ. മത്തായി,ജോസഫ് സി. പി. വിലാസം : Reni Mathew, Kanayamannil H, Chalappally P.O., Methanam - 689586. Mob : 9747435701.

**കൊടുങ്ങല്ലൂർ** :സഹോ. ജോയ് പൗലോസ് കഴിഞ്ഞ 7 വർഷമായി സഭയുടെ ആത്മീക പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യവും തന്റെ പ്രവർത്തനങ്ങളിൽ സുവിശേഷ വേലയോടുള്ള താത്പര്യവും സമർപ്പണവും ദൈവവിളിയെക്കുറിച്ചുള്ള ബോദ്ധ്യവും ഞങ്ങൾക്ക് ലഭിച്ചതിനാൽ ക്രമമായ ദൈവവചന പഠനത്തിനായി കുമ്പനാട് ബഥനി ബൈബിൾ സ്ക്കൂളിൽ വിടുകയും, വിജയകരമായി പഠനം പൂർത്തീകരിച്ച് മടങ്ങി വന്ന് സ്ഥലം സഭയോട് ചേർന്ന് പ്രവർത്തിക്കുകയും, ചില നാളുകൾക്ക് ശേഷം തന്നെക്കുറിച്ചുള്ള ദൈവനിയോഗം അനുസരിച്ച് 2008 ഏപ്രിൽ 1ന് ആസാമിലേക്ക് കുടുംബമായി കടന്നുപോകുകയും ഇപ്പോൾ ഗോളഹാട്ട് എന്ന സ്ഥലത്ത് കർത്താവിന്റെ വേലക്കായി സഭയുടെ അംഗീകാരത്തോടെ പ്രവർത്തിക്കുയും ചെയ്തു വരുന്നു. തന്നെ ഒരു പൂർണ്ണസമയസുവിശേഷകനായി അംഗീകരിച്ചിരിക്കുന്ന വിവരം അറിയിക്കുന്നു. ഭാര്യയും 2 മക്കളും ഉള്ള ഈ സഹോദരനെ ദൈവജനം പ്രാർത്ഥനയിൽ ഓർത്തും ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കയും ചെയ്യണമെന്ന് അറിയിച്ചുകൊള്ളുന്നു. എന്ന് ടി. എ. പുഷ്ക്കരൻ, അനൂപ് പി. ജോൺ അഡ്രസ്സ് : Joy Paulose (EVg), Near Transport Colony, Halmira Road, Golaghat, Assam - 785 621, Ph : 09401397767.